പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 541 — 18.7.2007-ൽ മറുപടിയ്ക്ക്

## ബധിര വിദ്യാർത്ഥികൾക്ക് ഉപരിപഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ. ശശീന്ദ്രൻ<br>ശ്രീ.പി.എം.എ. സലാം | ശ്രീ.എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എസ്.എസ്.എൽ.സി കഴിഞ്ഞ ബധിര വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ ആവശ്യമായ സ്കൂളുകളും സ്ഥാപനങ്ങളും അനുവദിക്കാൻ സർക്കാർ തയ്യാറാകുമോ? | പുതിയ സ്കൂളുകളും കോഴ്സുകളും അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയസമീപനം പ്രഖ്യാപിച്ചു കൊണ്ട് 13.6.2007-ൽ സ.ഉ.(പി)നം.107/07/പൊ.വി.വ., 22.6.2007-ൽ സ.ഉ.(പി)നം.116/07/പൊ.വി.വ. എന്നീ ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ സർക്കാർ മേഖലയിൽ പുതിയ സ്കൂളുകളും കോഴ്സുകളും, അധിക ബാച്ചുകളും ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മുൻപറഞ്ഞ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായ അപേക്ഷകൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 542** — **18-07-2007-ൽ മറുപടിയ്ക്ക്**

### സമൂഹനന്മയ്ക്കായുള്ള യുവജനക്ഷേമ വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.വി.ശശികുമാർ:**<br>**ശ്രീ.ബാബു എം.പാലിശ്ശേരി:**<br>**ശ്രീ.എം.ഹംസ:**<br>**ശ്രീ.എം.പ്രകാശൻ മാസ്റ്റർ:**<br>**ശ്രീ.രാജു എബ്രഹാം:** | **ശ്രീ.എം.വിജയകുമാർ**<br>**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)** |
| (എ)<br>സാമൂഹിക അനാചാരങ്ങളിൽ നിന്നും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നും യുവജനങ്ങളെ സംരക്ഷിക്കുന്നതിനായി യുവജന ക്ഷേമ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ; | (എ)<br>സ്ത്രീധനം, ബാലവേല, സ്ത്രീപീഡനം തുടങ്ങിയ അനാചാരങ്ങൾക്കും തീവ്രവാദം തുടങ്ങിയ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്കുമെതിരെ യുവജനങ്ങളെ ജാഗരൂകരാക്കാൻ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. കൂടുതൽ കാര്യക്ഷമമായി ഇവ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി)<br>മദ്യത്തിനും മയക്കു മരുന്നിനുമെതിരെ യുവജനങ്ങളെ സംഘടിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (ബി)<br>യൂത്ത്ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന ബോധവൽക്കരണ പരിപാടികൾ, എക്സിബിഷൻ മുതലായവ സംഘടിപ്പിച്ചു വരുന്നു. ലഹരി പദാർത്ഥങ്ങളുടെയും പുകവലിയുടെയും ഉപയോഗത്തിനെതിരെ സാമൂഹ്യാവബോധം വളർത്തുന്നതിന് "ലോക ലഹരി വിരുദ്ധ ദിനം", 'പുകയില വിരുദ്ധ ദിനം' തുടങ്ങിയവ യൂത്ത് ക്ലബ്ബുകളുമായും സന്നദ്ധ സംഘടനകളുമായും ചേർന്ന് സമുചിതമായി ~~ആഘോഷിച്ചു~~ ആചരിച്ചു വരുന്നു. |

S. Malathy
സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:543          18/7/2007 ൽ മറുപടിയ്ക്ക്

## സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.പി.വിശ്വൻ:<br>ശ്രീമതി പി.അയിഷാ പോറ്റി:<br>ശ്രീ.പി.ജയരാജൻ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ)ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുകൂടി ഉച്ചഭക്ഷണം പരിപാടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) പദ്ധതി എന്നുമുതൽ പ്രാവർത്തികമാക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) പദ്ധതിയുടെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ച് വരുകയാണ്. ഓണത്തിനു മുമ്പ് ആരംഭിക്കുവാൻ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. |
| (സി) ഹൈസ്കൂൾ തലത്തിലെ എത്ര കുട്ടികൾക്കാണ് ഉച്ചഭക്ഷണം നൽകുന്നത്; ഇതിന് എന്തുതുക വേണ്ടി വരും; | (സി) സംസ്ഥാനത്ത് 8,9,10 ക്ലാസ്സുകളിലായി 1501484 കുട്ടികളാണ് പഠിക്കുന്നത്. ഇതിന്റെ 90 ശതമാനത്തോളം ഉച്ചഭക്ഷണം കഴിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 111,40,40,532/- രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (ഡി) ഒരു കുട്ടിക്ക് എന്തു തുകയാണ് അനുവദിക്കുന്നത്; | (ഡി)ഓരോ കുട്ടിക്കും 100 ഗ്രാം അരിയും 50 ഗ്രാം പയറും നൽകേണ്ടിവരുമെന്നാണ് കരുതുന്നത്. ഇക്കാര്യത്തിൽ അവസാന തീരുമാനം എടുക്കാത്തതിനാൽ ഒരു കുട്ടിക്ക് എന്ത് തുക വേണ്ടിവരും എന്നകാര്യം കണക്കാക്കപ്പെട്ടിട്ടില്ല. |

തുടർച്ച പുറം-2

| | |
|---|---|
| (ഇ) ഉച്ചഭക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ? | (ഇ) ഇപ്പോൾ ഉച്ചഭക്ഷണപരിപാടി നടക്കുന്ന സ്കൂളുകളിൽ അടുക്കള, പാകം ചെയ്യാനുള്ള പാത്രങ്ങൾ മുതലായ സജ്ജീകരണങ്ങൾ നിലവിലുണ്ട്. എന്നാൽ ഹൈസ്കൂൾ മാത്രം നിലവിലുള്ള സ്കൂളുകളിൽ പുതിയ സംവിധാനങ്ങൾ ഒരുക്കണം. അതിനുള്ള നടപടികൾ ജില്ലാപഞ്ചായത്തുകളുടെ സഹായത്തോടെ ക്രമീകരിക്കാൻ ഡി.ഡി.ഇമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:544 18.07.2007-ൽ മറുപടിയ്ക്ക്

## ഹെൽത്ത് കാർഡ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.സാജു പോൾ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും<br>വകുപ്പുമന്ത്രി |
| എ) സ്കൂൾ കുട്ടികൾക്കായി ആവിഷ്കരിച്ച ഹെൽത്ത് കാർഡ് പദ്ധതി ഇപ്പോഴും നിലവിലുണ്ടോ; പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;<br><br>ബി) കുട്ടികളിൽ കണ്ടെത്തുന്ന അസുഖങ്ങൾക്ക് തുടർ ചികിത്സാ സൗകര്യങ്ങൾ ഏതെല്ലാം ആശുപത്രികളിലാണ് ലഭ്യമാക്കുന്നത്; | എ) & ബി) ഇപ്പോൾ നിലവിലില്ല. പക്ഷേ പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർമാർ 1,6,10 എന്നീ ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രാഥമിക വൈദ്യ പരിശോധന ലഭ്യമാക്കുന്നുണ്ട്. സാധാരണയായി കണ്ടുവരുന്ന കാഴ്ചവൈകല്യം, ദന്ത രോഗങ്ങൾ, വിളർച്ച പഠന വൈകല്യം, തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കുകയും കൂടുതൽ പരിശോധനയും ചികിത്സയും ആവശ്യമായ കുട്ടികളെ പ്രാഥമിക ആരോഗ്യകേന്ദ്രം/ താലൂക്ക് ആശുപത്രി/ജില്ല ആശുപത്രി/മെഡിക്കൽ കോളേജ് എന്നിവടങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഒന്നാം ക്ലാസ്സുകളിലെ കുട്ടികൾക്ക് ഡി.ടി.യുടെയും (ഡിഫ്ത്തീരിയ ടെറ്റനസ്) 5,10 ക്ലാസ്സുകളിലെ കുട്ടികൾക്ക് ടി.ടി.യുടെയും (ടെറ്റനസ് ടോക്സോയ്ഡ്) പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നുണ്ട്. വിവിധ ആരോഗ്യ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും മറ്റു ബോധന പരിപാടികളും നടത്തിവരുന്നു. സർവ്വശിക്ഷാ അഭിയാൻെറ( SSA) ഭാഗമായി 7-ാം ക്ലാസ്സ് വരെയുള്ള വരുടെ ശാരീരിക വൈകല്യമുള്ളവരെ കണ്ടെത്തുവാനും അവരുടെ പഠനത്തിനായി പ്രത്യേക സഹായം ചെയ്യുവാനും നടപടി എടുക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ഒരു വർഷത്തിൽ എത്ര പ്രാവശ്യ മാണ് ഡോക്ടർമാർ സ്കൂളിലെത്തി കുട്ടി കളെ പരിശോധിക്കുന്നത്; | സി) | ഒരു പ്രാവശ്യം |
| ഡി) | വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള കുട്ടികളുടെ കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് പ്രത്യേക സഹായം നൽകു മോ? | ഡി) | പ്രത്യേക സഹായം നൽകുന്നതിനുള്ള പദ്ധതി കളൊന്നും നിലവിലില്ല. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 545      18-07-2007-ൽ മറുപടിയ്ക്ക്

സ്പോർട്സ് മെഡിസിൻ സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ.അൽഫോൺസ് കണ്ണന്താനം:<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.മുരളി പെരുനെല്ലി: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>മെഡിക്കൽ കോളേജുകളുടെയും ജില്ലാ ആശുപത്രികളുടെയും സഹകരണത്തോടു കൂടി സ്പോർട്സ് മെഡിസിൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ)<br>ഉണ്ട്.<br>കോഴിക്കോട്ടും കോട്ടയത്തും മെഡിക്കൽ കോളേജുകളുമായി ചേർന്ന് സ്പോർട്സ് മെഡിസിൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരുന്നു. ജില്ലാ ആശുപത്രികളിലേയ്ക്കും ഇത് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി)<br>ഇത്തരം സെന്ററുകൾ മറ്റു സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോ; | (ബി)<br>വിവരം ഇപ്പോൾ ലഭ്യമല്ല. |
| (സി)<br>മെഡിസിൻ സെന്ററുകളിൽ ആയുർവേദ ചികിത്സാസൗകര്യം ലഭ്യമാക്കുമോ; | (സി)<br>ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി)<br>രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിനു വേണ്ടി കായിക ചികിത്സാ സദനം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ? | (ഡി)<br>പരിശോധിച്ചു വരുന്നു. |

S. Malathy

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 546

## 18.07.2007 - ൽ മറുപടിക്ക്

<u>വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ സംഘങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ<br>പ്രൊഫ. കെ.വി. തോമസ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ചില്ലറ വില്പന വ്യാപാര രംഗത്ത് കുത്തകകളുടെ കടന്നുകയറ്റം ഒഴിവാക്കുവാനായി സഹകരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | എ) സംസ്ഥാനത്ത് ചില്ലറ വിൽപന രംഗത്ത് കുത്തകകളുടെ കടന്നുകയറ്റം ഒഴിവാക്കുന്നതിനും പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റം നിയന്ത്രിച്ചു നിർത്തുന്നതിലേക്കുമായി സ്വാഭാവികമായും വിലക്കയറ്റമുണ്ടാകുന്ന ഓണം, ക്രിസ്മസ്, വിഷു തുടങ്ങിയ ഉത്സവ സീസണുകളിൽ 45 ദിവസം വീതം 3 പ്രാവശ്യം സഹകരണവിപണനമാർക്കറ്റുകൾ നടത്തി സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന കാര്യവും, വർഷം മുഴുവൻ കൺസ്യൂമർഫെഡിന്റെ കീഴിൽ ചില്ലറ വിൽപ്പന കേന്ദ്രങ്ങളിലൂടെ ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന കാര്യവും സർക്കാർ സജീവമായി പരിശോധിച്ചുവരികയാണ്.<br>വരാൻപോകുന്ന ഓണക്കാലത്ത് സ്വാഭാവികമായും പ്രതീക്ഷിക്കുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് 2007 ജൂലൈ 20 മുതൽ ആഗസ്റ്റ് 31 വരെ കൺസ്യൂമർ ഫെഡറേഷന്റെ നിയന്ത്രണത്തിൽ 'സഹകരണ വിപണന കേരളീയം' മാതൃകയിൽ ഓണച്ചന്തകൾ സംഘടിപ്പിച്ച് ഗുണമേന്മയുള്ള 32 ഇനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി കൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ബി) | ഇതിനായി ചില്ലറ വില്പന കേന്ദ്ര ങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു-ണ്ടോ; | ബി) | ഉണ്ട്. |
| സി) | ഉല്പാദന കേന്ദ്രങ്ങളിൽ നിന്ന് ഉല്പന്നങ്ങൾ നേരിട്ട് സംഭരിച്ച് ന്യായവിലയ്ക്ക് പൊതു വിപണി യിൽ വില്പന നടത്തുന്നതിന് സഹകരണ മേഖലയിൽ എന്തൊക്കെ പദ്ധതികളാണ് ലക്ഷ്യമിട്ടിരിക്കുന്നത്? | സി) | കഴിയുന്നിടത്തോളം ഉല്പന്നങ്ങൾ ഉൽപാദന കേന്ദ്രങ്ങളിൽനിന്നും ന്യായവിലക്ക് നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്നതിന്റെ ഭാഗ മായി വേണ്ടത്ര പ്രവർത്തന ഫണ്ടും സംഭരണ ശേഷിയും ലഭ്യമാക്കികൺസ്യൂമർഫെഡറേഷൻ ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്രകാരം 32 ഇനം നിത്യോപ യോഗ സാധനങ്ങൾ ഈ ഓണക്കാലത്ത് സഹകരണ സംഘങ്ങൾ വഴി സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിനുള്ള പദ്ധ തിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
മറുപടിക്ക്.
ചോദ്യം നം:547

18/07/2007-ൽ മറുപടിക്ക്

എൽ.എ.പട്ടയം

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ:<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി:<br>ശ്രീ.തോമസ് ചാഴികാടൻ: | ഉത്തരം<br>ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇടുക്കി ജില്ലയിൽ 'എൽ.എ.' പട്ടയം ലഭിച്ച കർഷകരെ അനധികൃത കുടിയേറ്റക്കാരായി കണക്കാക്കുന്നുണ്ടോ; | (എ) നിയമാനുസൃതമായ 'എൽ.എ.' പട്ടയം ലഭിച്ച കർഷകരെ അനധികൃത കുടിയേറ്റക്കാരായി കണക്കാക്കുന്നില്ല. |
| (ബി) ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ കരം അടച്ച് കൈവശം വച്ചുപോരുന്ന ഭൂമി, കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്ന് പ്രസ്തുത അസൈൻമെൻറ് ഓർഡറിൽ നിഷ്ക്കർഷിച്ചിരുന്നോ; എങ്കിൽ അതിൻെറ വിശദാംശങ്ങൾ നൽകുമോ; | (ബി) വീട് വക്കുന്നതിനും തൊട്ടടുത്തുള്ള സ്വന്തഭൂമിയുടെ പ്രയോജനകരമായ ഉപയോഗത്തിന് പതിച്ച് കിട്ടിയ ഭൂമി പ്രസ്തുത ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. വീട് വക്കുന്നതിനോ, കൃഷിക്കായോ പതിച്ചു നൽകിയ ഭൂമിയിൽ പട്ടയം കിട്ടിയ ആളോ കുടുംബാംഗമോ താമസിക്കുകയോ കൃഷി ചെയ്യുകയോ വേണമെന്നും പട്ടയം കിട്ടി ഒരു വർഷത്തിനകം താമസം / കൃഷി തുടങ്ങിയിരിക്കണം എന്നും പട്ടയം നൽകിക്കൊണ്ടുള്ള ഓർഡറിൽ വ്യവസ്ഥയുണ്ട് . |
| (സി) കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതിൻെറ പേരിൽ 'എൽ.എ.' പട്ടയങ്ങൾ റദ്ദു ചെയ്യാൻ പദ്ധതിയുണ്ടോ; ആയതിൻെറ വിശദാംശങ്ങൾ നൽകുമോ? | (സി) കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതിന്റെ പേരിൽ മാത്രം എൽ.എ.' പട്ടയങ്ങൾ റദ്ദ് ചെയ്യാൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 548** 18-07-2007-ൽ മറുപടിയ്ക്ക്

## സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യ നൽകുന്ന സഹായങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ബാബു എം.പാലിശ്ശേരി:**<br>**ശ്രീ.മഞ്ഞളാംകുഴി അലി:**<br>**ശ്രീ.എ.പ്രദീപ് കുമാർ:**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ:**<br>**ശ്രീ.പിടി.എ.റഹീം:** | **ശ്രീ.എം.വിജയകുമാർ**<br>**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)** |
| (എ) സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യ സംസ്ഥാനത്തെ സ്പോർട്ട്സ് വികസനത്തിനായി നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്ത് സ്പോർട്സ് വികസനത്തിനായി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ<br>i) തിരുവനന്തപുരം ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷന് പുറമെ ആലപ്പുഴ, തലശ്ശേരി എന്നിവിടങ്ങളിൽ രണ്ട് സ്പെഷ്യൽ ഏരിയ ഗെയിംസ് സെന്ററുകളും (എസ്.എ.ജി) കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സ്പോർട്സ് ട്രെയിനിംഗ് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്.<br>ii) തെരഞ്ഞെടുത്ത കായിക താരങ്ങൾക്ക് സൗജന്യഭക്ഷണം, താമസം, കിറ്റ്, യാത്രാപ്പടി, പരിശീലനം എന്നിവയുടെ ചെലവും പരിപൂർണ്ണമായി സായി വഹിക്കുന്നു.<br>iii) ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള കുട്ടികൾക്ക് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ സ്പോർട്സ് സ്കോളർഷിപ്പ് നൽകി വരുന്നു.<br>iv) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്കൂളുകളിലും കോളേജുകളിലും സായി എക്സ്റ്റൻഷൻ സെന്റർ ഈ വർഷം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളുടെ നടത്തിപ്പിനുള്ള മുഴുവൻ സാമ്പത്തിക സഹായവും സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ നൽകി വരുന്നു.<br>v) സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിശീലകരെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലേയ്ക്കും, വിവിധ യൂണിവേഴ്സിറ്റികളിലേയ്ക്കും പരിശീലനത്തിനായി അനുവദിച്ചു നൽകിയിട്ടുണ്ട്.<br>vi) സംസ്ഥാനത്ത് വനിതാ കായിക മേള, ഗ്രാമീണമേള, സ്കൂളുകളിൽ കായിക വിനോദം പ്രോത്സാഹിപ്പിക്കൽ എന്നിവ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. |

| | |
|---|---|
| (ബി) സംസ്ഥാനത്തിന്റെ സ്പോർട്ട്സ് മേഖല ശക്തിപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി അതോറിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; | (ബി)<br>(1) കൊല്ലം ജില്ലയിൽ ചടയമംഗലത്ത് ഒരു വനിതാ സ്പോർട്സ് അക്കാദമി സ്ഥാപിക്കൽ.<br>(2) മൂന്നാറിൽ നിർമ്മാണത്തിലുള്ള ഹൈആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ ഏറ്റെടുത്ത് നടത്തൽ.<br>(3) തിരുവനന്തപുരത്ത് പിരപ്പൻകോട് നിർമ്മാണത്തിലുള്ള സ്വിമ്മിംഗ് പൂൾ ഏറ്റെടുത്ത് നടത്തൽ.<br>(4) ആലപ്പുഴയിലെ സ്വിമ്മിംഗ് പൂൾ ഏറ്റെടുക്കൽ.<br>(5) വയനാട്ടിൽ ഒരു ആർച്ചറി ട്രെയിനിംഗ് സെന്റർ ആരംഭിക്കൽ<br>(6) തിരുവനന്തപുരത്തുള്ള ലക്ഷ്മീബായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കായിക പരിശീലന കേന്ദ്രമായി ഉയർത്തുക.<br>(7) പത്തനംതിട്ട ജില്ലയിൽ അനുയോജ്യമായ ഒരു സ്കൂളിൽ കൊല്ലം എസ്.റ്റി.സിയുടെ ഒരു സബ് സെന്റർ ആരംഭിക്കൽ എന്നിവയാണ് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. |
| (സി) മലപ്പുറത്ത് ഫുട്ബോൾ അക്കാദമിയും പത്തനംതിട്ടയിൽ വോളിബോൾ അക്കാദമിയും സ്ഥാപിക്കുന്നതിന് അതോറിറ്റിയുടെ സഹായം പ്രതീക്ഷിക്കുന്നുണ്ടോ ; | (സി)<br>പ്രതീക്ഷിക്കുന്നുണ്ട്. |
| (ഡി) സ്പോർട്ട്സ് അതോറിറ്റിയുടെ മേഖലാ കേന്ദ്രം സംസ്ഥാനത്ത് ആരംഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ? | (ഡി)<br>ഇത്തരമൊരു നിർദ്ദേശമുണ്ടായി എങ്കിലും സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്നും അനുകൂല മറുപടി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പര്‍ 549

18.7.2007-ല്‍ മറുപടിയ്ക്ക്

### പെട്രോള്‍ പമ്പുകളിലെ മീറ്റര്‍ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.വേണുഗോപാലന്‍ :<br>ശ്രീ.കെ.കെ.ദിവാകരന്‍ :<br>ശ്രീ.എ.എ.അസീസ് :<br>ശ്രീ.എ.സി.മൊയ്തീന്‍ : | ശ്രീ.കെ.പി.രാജേന്ദ്രന്‍<br>റവന്യൂ വകുപ്പുമന്ത്രി |
| എ) പെട്രോള്‍ പമ്പുകളിലെ മീറ്ററുകള്‍ ശരിയായി പ്രവര്‍ത്തിക്കാത്തതു സംബന്ധിച്ച പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. |
| ബി) പമ്പുകളില്‍ ഇതിനായി മിന്നല്‍ പരിശോധന നടത്താന്‍ നടപടി സ്വീകരിക്കുമോ ; | ബി) പെട്രോള്‍ പമ്പുകള്‍ ഉള്‍പ്പെടെ എല്ലാ വ്യാപാര സ്ഥാപനങ്ങളിലും മിന്നല്‍ പരിശോധന നടത്തുന്നതിന് ജില്ലാ തലത്തില്‍ അസിസ്റ്റന്റ് കണ്‍ട്രോളര്‍മാരുടെ നേതൃത്വത്തില്‍ പെര്‍മനന്റ് ഫ്ലൈയിംഗ് സ്ക്വാഡുകള്‍ നിലവിലുണ്ട്. പരിശോധനയില്‍ ക്രമക്കേടുകള്‍ ഉണ്ടെന്നു കണ്ടാല്‍ സ്ഥാപന ഉടമകള്‍ക്കെതിരെ ആവശ്യമായ നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ, ജില്ലാ തലത്തില്‍ അസിസ്റ്റന്റ് കണ്‍ട്രോളര്‍മാരും, താലൂക്ക് തലത്തില്‍ ഇന്‍സ്പെക്ടര്‍മാരും പെട്രോള്‍ പമ്പുകളില്‍ പരിശോധന നടത്തുന്നുണ്ട്. |
| സി) കഴിഞ്ഞ ഒരു വര്‍ഷക്കാലയളവില്‍ എത്ര പെട്രോള്‍ പമ്പുകളിലെ മീറ്ററുകള്‍ പരിശോധിച്ചു ; | സി) 8872 യൂണിറ്റുകള്‍ പരിശോധിച്ചു. |
| ഡി) ഇതിന്റെ അടിസ്ഥാനത്തില്‍ എന്തെല്ലാം അപാകതകള്‍ ശ്രദ്ധയില്‍പ്പെട്ടു എന്ന് അറിയിക്കുമോ ? | ഡി) അളവില്‍ കുറച്ച് വില്പന നടത്തുക. യഥാസമയം മുദ്ര പതിപ്പിക്കാത്ത പെട്രോള്‍ യൂണിറ്റുകളിലൂടെ അളവില്‍ കുറച്ച് വിതരണം നടത്തുക തുടങ്ങിയ അപാകതകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 550 — 18-07-2007-ൽ മറുപടിയ്ക്ക്

**'ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം ഒരു വാർഡിൽ ഒരു കളിസ്ഥലം' പദ്ധതി**

**ചോദ്യം**

**ശ്രീമതി.പി.അയിഷാ പോറ്റി:**
**ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി:**
**ശ്രീ.എം.ചന്ദ്രൻ:**
**ശ്രീ.കെ.കെ.ജയചന്ദ്രൻ:**
**ശ്രീ.കെ.വി.കുഞ്ഞിരാമൻ:**

**ഉത്തരം**

**ശ്രീ.എം.വിജയകുമാർ**
**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)**

(എ)
'ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം ഒരു വാർഡിൽ ഒരു കളിസ്ഥലം' എന്ന പദ്ധതി പ്രാവർത്തികമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(എ)
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിരേഖ തയ്യാറാക്കുമ്പോൾ സ്പോർട്ട്സ് വികസനം ഉറപ്പാക്കുന്നതിനായി അവയുടെ പദ്ധതി വിഹിതത്തിന്റെ 15% കായിക വികസനത്തിനായി നീക്കി വയ്ക്കാൻ നിർദ്ദേശമുണ്ട്. 2000-ലെ സ്പോർട്സ് ആക്ടിൻ പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇതും കൂടി പ്രാവർത്തികമായി കഴിഞ്ഞാൽ ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം, ഒരു വാർഡിൽ ഒരു കളിസ്ഥലം എന്ന പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ ത്വരിതപ്പെടും എന്നു കരുതുന്നു.

(ബി)
കളിസ്ഥലം നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമായി എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി)
2006-07 സാമ്പത്തിക വർഷത്തിൽ കളിസ്ഥലം നിർമ്മിയ്ക്കുന്നതിന് 200 പഞ്ചായത്തുകൾക്കായി 5,82,880/- രൂപ കൗൺസിൽ വഴിയും 30-03-2007-ലെ സർക്കാർ ഉത്തരവ് പ്രകാരം 25 സ്ഥാപനങ്ങൾക്കായി 40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി)
എത്ര പഞ്ചായത്തുകളിലാണ് സ്റ്റേഡിയം നിർമ്മാണവും നവീകരണവും നടക്കുന്നത്; ഇതിന് എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ഡി)
പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) യും (ഡി) യും
വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ)
പദ്ധതിയുടെ നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും യുവജനങ്ങളുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

(ഇ)
2000-ലെ സ്പോർട്സ് ആക്റ്റിൽ പഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെ സ്പോർട്സ് കൗൺസിലുകൾ വിഭാവനം ചെയ്യുന്നു. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലുകൾ കൂടി പ്രാവർത്തികമാകുന്നതോടു കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും യുവജനങ്ങളുടെയും സഹകരണവും പങ്കാളിത്തവും കൂടുതലായി സ്പോർട്സ് വികസന പ്രവർത്തനങ്ങൾക്ക് ഉണ്ടാകുന്നതാണ്.

S. Malathy
സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 551

18-7-2007- ൽ
മറുപടിയ്ക്ക്

വിദ്യാഭ്യാസ വായ്പ.

ചോദ്യം

ശ്രീ. കെ. സി. വേണുഗോപാൽ
ശ്രീ. എം. മുരളി
ശ്രീ. ശിവദാസൻ നായർ
ശ്രീ. വി.ഡി. സതീശൻ

ഉത്തരം

ശ്രീ. എം.എ. ബേബി
(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ നൽകുന്നതു സംബന്ധിച്ച് ബാങ്കുകളുമായി നടത്തിയ ചർച്ചയിൽ എന്തൊക്കെ തീരുമാനങ്ങളാണെടുത്തത്; | (എ) | റിസർവ്വ് ബാങ്കും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് സംസ്ഥാനത്ത് അംഗീകാരമുള്ള കോഴ്സുകൾക്ക്, അംഗീകൃത സ്ഥാപനങ്ങളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ഉദാരമായ വ്യവസ്ഥകളിന്മേൽ വിദ്യാഭ്യാസ വായ്പ നൽകാൻ എല്ലാ ബാങ്കുകളും തയ്യാറാണെന്ന് അറിയിച്ചു.<br>വിദ്യാഭ്യാസ വായ്പയുടെ അപേക്ഷകൾ നൽകുന്നതും, വായ്പ നേടിയെടുക്കുന്നതും സംബന്ധിച്ച വിദ്യാർത്ഥികളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഓരോ ജില്ലയിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയിൽ ജില്ലാ ലീഡ് ബാങ്ക് മാനേജരെ കൂടാതെ ഒരു സീനിയർ ജില്ലാതല സർക്കാർ ഉദ്യോഗസ്ഥനെക്കൂടി ഉൾപ്പെടുത്തി ശക്തിപ്പെടുത്താൻ തീരുമാനിച്ചു. |

| | | | |
|---|---|---|---|
| | | | എല്ലാ ബാങ്കുകൾക്കും ഒരു ജില്ലാതല " നോഡൽ ആഫീസറെ " വിദ്യാഭ്യാസ വായ്പ സംബന്ധിച്ച പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിലേയ്ക്കായി നിയോഗിക്കണമെന്നും, അദ്ദേഹത്തിന്റെ മൊബൈൽ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ മാദ്ധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കണമെന്നും തീരുമാനിച്ചു.<br>സർക്കാർ അംഗീകരിച്ചിട്ടുള്ള ഫീസുൾപ്പെടെ പഠനച്ചെലവുകൾക്കായി ഇന്ത്യക്കകത്തുള്ള കോഴ്സുകൾക്ക് പരമാവധി 10 ലക്ഷം രൂപ വിദ്യാഭ്യാസ വായ്പ അനുവദിക്കാനാകുമെന്ന് ബാങ്കുകൾ അറിയിച്ചു.<br><br>വിദ്യാഭ്യാസ വായ്പയുടെ പലിശ നിരക്ക് എല്ലാ ബാങ്കുകൾക്കും സമാനമായി നിജപ്പെടുത്തിയിട്ടില്ലെന്നതും റിസർവ്വ് ബാങ്ക് നിർദ്ദേശ പ്രകാരം 4 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് അതാതു ബാങ്കുകൾ നിശ്ചയിച്ചിട്ടുള്ള **PLR (PRIME LENDING RATE)** നിരക്കും 4 ലക്ഷം രൂപയ്ക്കു മുകളിലുള്ള തുകയ്ക്ക് PLR + 1% നിരക്കും ആണ് നിലവിലുള്ള പലിശ നിരക്കെന്നും ബാങ്കുകൾ യോഗത്തിൽ അറിയിച്ചു.<br>4 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് യാതൊരു സെക്യൂരിറ്റിയും ആവശ്യമില്ലെന്ന കാര്യവും അതിനുമുകളിൽ വായ്പാ തുകയ്ക്ക് |

| | | | |
|---|---|---|---|
| | | | തത്തുല്യമായ ആൾ ജാമ്യമോ/വസ്തു ജാമ്യമോ നിർബന്ധമാണെന്നതും ബാങ്കുകൾ വ്യക്തമാക്കി. |
| (ബി) | ഇതിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഏതൊക്കെ ബാങ്കുകളാണ് പങ്കെടുത്തത്; | (ബി) | കാനറാ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (SBT), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (SBI) ഇന്ത്യൻ ഓവർസീസ് ബാങ്ക്(IOB), യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ(UBI), പഞ്ചാബ് നാഷണൽ ബാങ്ക് (PNB), ഇന്ത്യൻ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് (SMGB), കേരള സംസ്ഥാന സഹകരണ ബാങ്ക് എന്നിവയുടെ ഉന്നതതല പ്രതിനിധികളാണ് ചർച്ചയിൽ പങ്കെടുത്തത്. |
| (സി) | പ്രൊഫഷണൽ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് കോഷൻ ഡെപ്പോസിറ്റിന് വായ്പ നൽകാമെന്ന് ബാങ്കുകൾ സമ്മതിച്ചിട്ടുണ്ടോ; | (സി) | പ്രൊഫഷണൽ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ അംഗീകരിച്ച കോഷൻ ഡെപ്പോസിറ്റ് ചില നിബന്ധനകൾക്ക് അനുസൃതമായി, വിദ്യാഭ്യാസ വായ്പയുടെ ഭാഗമായിത്തന്നെ നൽകാമെന്ന് ബാങ്കുകൾ സമ്മതിച്ചു. വായ്പയിലെ കോഷൻ ഡെപ്പോസിറ്റ് തുകയുടെ ഭാഗം മുഴുവനായി ബാങ്കിൽ നിന്നും കോളേജിലേക്ക് നേരിട്ടു നൽകാനും, കോഴ്സിന്റെ കാലാവധി പൂർത്തിയാകുമ്പോൾ ഇതേ തുക കോളേജുകൾ നേരിട്ട് ബാങ്കിലെത്തിക്കാനും വ്യവസ്ഥയുണ്ടാക്കിയശേഷം ഇക്കാര്യം നടപ്പിലാക്കാമെന്നും ബാങ്കുകൾ അറിയിച്ചു. |

| | | | |
|---|---|---|---|
| (ഡി) | വായ്പയുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയവർക്ക് തുടർവായ്പയും മറ്റു പഠന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് അംഗീകരിച്ചിട്ടുള്ളത്; | (ഡി) | റിസർവ്വ് ബാങ്കും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനും അംഗീകരിച്ച വിദ്യാഭ്യാസ വായ്പാ ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചായിരിക്കും തിരിച്ചടവിൽ വീഴ്ച വരുത്തിയവർക്ക് തുടർ വായ്പകൾ നൽകുക. |
| (ഇ) | ഇത്തരം വായ്പ ലഭ്യമാക്കുന്നതു സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാ തലത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടാത്താനുദ്ദേശിക്കുന്നത്; | (ഇ) | വിദ്യാഭ്യാസ വായ്പയുടെ അപേക്ഷകൾ നൽകുന്നതും, വായ്പ നേടിയെടുക്കുന്നതും സംബന്ധിച്ച വിദ്യാർത്ഥികളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഓരോ ജില്ലയിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയിൽ ജില്ലാ ലീഡ് ബാങ്ക് മാനേജരെ കൂടാതെ ഒരു സീനിയർ ജില്ലാതല സർക്കാർ ഉദ്യോഗസ്ഥനെക്കൂടി ഉൾപ്പെടുത്തി ശക്തിപ്പെടുത്തണമെന്നും എല്ലാ ബാങ്കുകൾക്കും ഒരു ജില്ലാതല നോഡൽ ആഫീസറെ വിദ്യാഭ്യാസ വായ്പ സംബന്ധിച്ച പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിലേയ്ക്കായി നിയോഗിക്കണമെന്നും, അദ്ദേഹത്തിന്റെ മൊബൈൽ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ മാദ്ധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കണമെന്നും തീരുമാനിച്ചു. |
| (എഫ്) | സമയ ബന്ധിതമായി ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ? | (എഫ്) | ബാങ്ക് ശാഖകളിലെ മാനേജർമാരുടെ "DELEGATED POWERS" അനുസരിച്ച് അപേക്ഷ ലഭിച്ച തീയതിയിൽ നിന്ന് 15 ദിവസം മുതൽ ഒരു മാസത്തിനുള്ളിൽ വിദ്യാഭ്യാസ വായ്പകളിൻമേൽ തീരുമാനമെടുക്കേണ്ടതാണെന്ന് |

| | | | |
|---|---|---|---|
| | | | RBI /IBA മാർഗ്ഗരേഖകളിൽ പറയുന്നു. വായ്പാ അപേക്ഷകളിൻമേൽ നീതി ഉറപ്പാക്കാനായി വിദ്യാഭ്യാസ വായ്പ നിഷേധിക്കുവാനുള്ള അവകാശം ഒരു ശാഖയ്ക്കും നൽകിയിട്ടില്ല. മാർഗ്ഗരേഖകൾ അനുസരിച്ച് പാസ്സാക്കാൻ നിർവ്വാഹമില്ലാത്ത വിദ്യാഭ്യാസ വായ്പകൾ ബാങ്കിന്റെ മേലധികാരികൾക്ക് മാത്രമേ നിരസിയ്ക്കാനാകൂ. അനുവദിക്കപ്പെട്ട വായ്പകൾ സ്വീകരിക്കാൻ വിദ്യാർത്ഥിയും മാതാ പിതാക്കളോ/ രക്ഷാകർത്താവോ ഒന്നിച്ചു ചേർന്നാണ് രേഖകളിൽ ഒപ്പു വയ്ക്കേണ്ടത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 552 — 18 -07 -2007ൽ മറുപടിക്ക്

## സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്:<br>ശ്രീമതി. ജെ. അരുന്ധതി:<br>ശ്രീ. വി. ശിവൻകുട്ടി:<br>ശ്രീ. വി. ജെ. തങ്കപ്പൻ:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ വികസനത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) വിശദവിവരം അനുബന്ധം - I ആയി ചേർത്തിട്ടുണ്ട്. |
| ബി) ഇവിടെ കുട്ടികൾക്കുവേണ്ടി പ്രത്യേക വിഭാഗം ആരംഭിച്ചിട്ടുണ്ടോ;ഇവിടേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) ഉണ്ട്. അനുബന്ധം - II കാണുക |
| സി) ഇവിടെ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നുണ്ടോ; കോഴ്സിന്റെ വിശദാംശം നൽകുമോ; | സി) ഉണ്ട്. കോഴ്സിന്റെ വിശദാംശം അനുബന്ധം - III ആയി ചേർത്തിട്ടുണ്ട്. |
| ഡി) കോഴ്സിൽ ഒരു വർഷം എത്ര പേർക്ക് പ്രവേശനം നൽകുമെന്ന് വെളിപ്പെടുത്തുമോ? | ഡി) 40 പേർക്ക് പ്രവേശനം നൽകുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ വികസനത്തിനായി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2005-06, 2006-07 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആകെ 47,70,269 രൂപയ്ക്ക് പുതിയ പുസ്തകങ്ങൾ വാങ്ങുകയുണ്ടായി. പുതിയ റാക്കുകൾ, ലൈബ്രറി ഉപകരണങ്ങൾ എന്നിവ പദ്ധതി വിഹിതത്തിൽ നിന്നും 8,50,826 രൂപ ചെലവിട്ട് 2005-06, 2006-07 സാമ്പത്തിക വർഷങ്ങളിലായി വാങ്ങിയിട്ടുണ്ട്. 2005-06, 2006-07 എന്നീ വർഷങ്ങളിൽ കമ്പ്യൂട്ടറൈസേഷനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സർക്കാർ 61,72,220 രൂപ പദ്ധതിയിനത്തിൽ ചെലവിട്ടിട്ടുണ്ട്. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ വെബ്സൈറ്റ് കൈകാര്യം ചെയ്യുന്ന സി-ഡിറ്റും, കെൽട്രോണുമായി കോർഡിനേറ്റ് ചെയ്ത് പുതിയതായി സ്ഥാപിച്ച സ്റ്റോറേജ് വെബ് സർവർ വഴി ഓൺ ലൈൻ ബുക്ക് റിസർവേഷൻ സംവിധാനം 2007 സെപ്തംബർ മാസത്തോടെ ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ സെൽഫ് ചെക്ക് ഇൻ-ചെക്ക് ഔട്ട്, സ്റ്റോക്ക് വെരിഫിക്കേഷൻ, മോഷണം തടയൽ എന്നിവ ഉൾക്കൊള്ളുന്ന സംവിധാനമുള്ള റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഒന്നാം ഘട്ടം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ കുട്ടികളുടെ വിഭാഗത്തിൽ 2007 ജൂലായ് മാസം ആരംഭിച്ചു കഴിഞ്ഞു. റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സിസ്റ്റത്തിന്റെ ആദ്യഘട്ടത്തിനുള്ള 20,41,000 രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ അമൂല്യവും പുരാതനവുമായ പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി സർക്കാർ 30,51,480 രൂപ 2004-05, 2005-06 എന്നീ സാമ്പത്തിക വർഷങ്ങളിലായി പദ്ധതിയിനത്തിൽ നിന്നും ചെലവിട്ടിട്ടുണ്ട്. പൊതുജനങ്ങളുടെ ആവശ്യാർത്ഥം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഇന്റർനെറ്റ് ബ്രൗസിംഗ് സെന്റർ 11-ാം ധനകാര്യ കമ്മീഷന്റെ സഹായമായി ലഭിച്ച 20 ലക്ഷം രൂപ ചെലവാക്കി സ്ഥാപിച്ചിട്ടുണ്ട്. സ്റ്റാഫിന്റെ അപര്യാപ്തത പരിഗണിച്ച് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ലൈബ്രേറിയന്മാരുടെ (ഗ്രേഡ് II (2) ഗ്രേഡ് III (2) ഗ്രേഡ് IV (2)) വിഭാഗത്തിൽ ആറ് പുതിയ തസ്തികകളും 4 പാർട്ട് ടൈം സ്വീപ്പർമാരുടെ തസ്തികകളും ഒരു ശിപായിയുടെ തസ്തികയും അധികമായി സൃഷ്ടിച്ചും ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ തസ്തിക റീ-ഡിപ്ലോയ്മെന്റ് വഴി അനുവദിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും പുസ്തക മോഷണം തടയുന്നതിനും കേരള സ്റ്റേറ്റ് എക്സ് സർവ്വീസ്മെൻ ഡവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷനിൽ നിന്ന് ആറ് സെക്യൂരിറ്റി ഗാർഡുകളെ ദിവസവേതനക്രമ പ്രകാരം സർക്കാർ നിയോഗിച്ചുത്തരവായിട്ടുണ്ട്. അതുപോലെ തന്നെ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ സ്പോൺസർ ചെയ്ത് സ്ഥാപിച്ചിട്ടുള്ള കുട്ടികളുടെ പാർക്കിന്റെ പരിപാലനത്തിനായി ഒരു ഫുൾടൈം ഗാർഡിനറെ ഔട്ട് സോഴ്സിംഗ് വഴി നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 160 കെ.വി.എ ട്രാൻസ്ഫോർമറും, 82.5 കെ.വി.എ ഡീസൽ ജനറേറ്റർ സെറ്റും സ്ഥാപിക്കുന്നതിന് 2004-05 വർഷത്തെ പദ്ധതി വിഹിതത്തിൽ

അനുവദിച്ചിരുന്ന 45 ലക്ഷം രൂപ വിനിയോഗിച്ച് ട്രാൻസ്ഫോർമറും ഡീസൽ ജനറേറ്ററും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം ത്വരിതപ്പെടുത്തിയിട്ടുണ്ട്. 2006-07 പദ്ധതി വിഹിതത്തിൽ നിന്ന് 10 ലക്ഷം രൂപ ചെലവാക്കി ഒരു പുതിയ കാന്റീൻ കെട്ടിടം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നിർമ്മിച്ചിട്ടുണ്ട്. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ മെമ്പേഴ്സ് റീഡിംഗ് റൂം ,പബ്ലിക്ക് റീഡിംഗ് റൂം എന്നിവിടങ്ങളിൽ കാലപ്പഴക്കം മൂലം തറയോടിൽ നിന്ന് മണ്ണിളകി പൊടി പറക്കുന്നത് വായനക്കാർക്കും അംഗങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകുന്നു എന്ന പരാതി ലഭിച്ചതിൻ പ്രകാരം 2005-06 പദ്ധതി വിഹിതത്തിൽ നിന്നും 3 ലക്ഷം രൂപയ്ക്ക് സർക്കാർ ഭരണാനുമതി നല്കിയതുപ്രകാരം കേരളാ പൊതുമരാമത്ത് കെട്ടിട വിഭാഗം തിരുവനന്തപുരം ഡിവിഷൻ വഴി പ്രസ്തുത മുറികളിൽ ടൈൽസ് ഇട്ട് വൃത്തിയാക്കിയിട്ടുണ്ട്. മെമ്പേഴ്സ് റീഡിംഗ് റൂം, പബ്ലിക്ക് റീഡിംഗ് റൂം എന്നിവിടങ്ങളിലെ ലൈറ്റിംഗ് സംവിധാനം പുതുമയുള്ളതാക്കുന്നതിനുള്ള 5 ലക്ഷം രൂപയുടെ ഭരണാനുമതി 2006-07 പദ്ധതി വിഹിതത്തിൽ നല്കിയതിനെത്തുടർന്ന് അതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം സ്വീകരിച്ചു വരുന്നുണ്ട് 2006-2007 പദ്ധതി വിഹിതത്തിൽ നിന്നും 13 ലക്ഷം രൂപ ചെലവിട്ട് സ്റ്റേറ്റ് ലൈബ്രറിയുടെ ആഡിറ്റോറിയത്തിൽ എക്കോ പ്രൂഫ് സംവിധാനം ഏർപ്പെടുത്തുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്

## അനുബന്ധം 2

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ 1 കോടി 38 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച 4 നിലകളുള്ള പുതിയ ഹെറിറ്റേജ് മോഡൽ കെട്ടിടത്തിൽ കുട്ടികളുടെ വിഭാഗം 18-3-2005 മുതൽ പ്രവർത്തിച്ച് വരുന്നു. ഇവിടെ കുട്ടികളുടെ വിനോദത്തിനും വിജ്ഞാനത്തിനുമായി മൾട്ടി മീഡിയാ കമ്പ്യൂട്ടറുകളും എൽ.സി.ഡി പ്രോജക്ടറും എഡ്യൂസാറ്റ് ടെർമിനലും സ്ഥാപിച്ചിട്ടുണ്ട്. കുട്ടികളെ ലൈബ്രറിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവരിൽ വായനാശീലം ഉണ്ടാക്കുന്നതിനുമായി എൽ.ഐ.സി.യുടെ ധനസഹായത്തോടെ ചിൽഡ്രൻസ് ബ്ലോക്കിന് തൊട്ടടുത്തായി 10 ലക്ഷം രൂപ ചെലവ് ചെയ്ത് കിഡ്സ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്ക് പ്രസംഗം പരിശീലിക്കുന്നതിനായി ഈ കിഡ്സ് പാർക്കിൽ ഒരു പോഡിയം നിർമ്മിച്ചിട്ടുണ്ട്. മദ്ധ്യ വേനലവധിക്കാലത്ത് കുട്ടികൾക്ക് വിനോദവും വിജ്ഞാനവും ലഭിക്കുന്നതിനുതകുമാറ് വിവിധ വിഷയങ്ങളിൽ വിജ്ഞാനപ്രദവും വിനോദ പ്രദവുമായ പരിപാടികൾ ഉൾപ്പെടുത്തി (ഈ വകുപ്പ്) സമ്മർ സ്കൂൾ നടത്തി വരുന്നുണ്ട്. ഈ വർഷത്തെ സമ്മർ സ്കൂളിൽ 850 ലധികം കുട്ടികൾ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ നിന്നായി പങ്കെടുക്കുകയുണ്ടായി. 1,65,000 രൂപ സർക്കാർ സമ്മർ സ്കൂൾ നടത്തിപ്പിനായി ഈ വർഷം ചെലവിട്ടിട്ടുണ്ട്. ഇത്തരം പരിപാടികൾ വഴിയും സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുമായി കൂടുതൽ ബന്ധപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ലഭിക്കുകയും അതുവഴി വായനാശീലം വളർത്തുന്നതിന് പ്രോത്സാഹനം നൽകാൻ കഴിയുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം 3

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഓരോ വർഷവും 40 പേർക്ക് അഡ്മിഷൻ നൽകി 6 മാസം കാലാവധിയുള്ള ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിവരുന്നു. ഈ കോഴ്സിൽ 4 മാസം പഠനത്തിനായും 2 മാസം ഏൺ വൈൽ യു ലേൺ എന്ന സർക്കാർ പദ്ധതി പ്രകാരമുള്ള തൊഴിൽ പരിശീലനത്തിനായും ക്രമീകരിച്ചിരിക്കുന്നു. തൊഴിൽ പരിശീലന കാലമായ കോഴ്സിന്റെ അവസാന 2 മാസങ്ങളിൽ പ്രതിമാസം 900 രൂപ വീതം ഓരോ വിദ്യാർത്ഥിക്കും റമ്യൂണറേഷൻ ആയി ലഭിക്കും. ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിന് എസ്സ്.എസ്സ്.എൽ.സി.ക്കോ തത്തുല്യമായ പരീക്ഷക്കോ ലഭിച്ചിരിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരുടെ മെരിറ്റ് പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് പ്രവേശനം നൽകുന്നത്. സംസ്ഥാന പരീക്ഷാ ജോയിന്റ് കമ്മീഷണർ ചെയർമാനായും സ്റ്റേറ്റ് ലൈബ്രേറിയൻ കൺവീനറായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ നോമിനികൾ അംഗങ്ങളുമായി സർക്കാർ ജി.ഒ.(എം.എസ്സ്)നം.221/86/ഉന്നതവിദ്യാഭ്യാസം തീയതി 29-08-86 പ്രകാരം നിയോഗിച്ചിട്ടുള്ള കമ്മിറ്റി ആണ് ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിന് അർഹരായവരുടെ തിരഞ്ഞെടുപ്പ് നടത്തുന്നത്. ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഏൺ വൈൽ യു ലേൺ പദ്ധതി പ്രകാരമുള്ള റമ്യൂണറേഷന് അർഹതയുണ്ടായിരിക്കുന്നതല്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സി.എൽ.ഐ.എസ്സ്.സി പരീക്ഷ നടത്തുന്നത് സർക്കാർ പരീക്ഷാ കമ്മീഷണറാണ്.

സി.എൽ.ഐ.എസ്സ്.സി കോഴ്സിന് അഞ്ച് പേപ്പറുകളാണ് പഠനത്തിനായി ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. ലൈബ്രറി ഓർഗനൈസേഷൻ & മാനേജ്മെന്റ്
2. ലൈബ്രറി ക്ലാസിഫിക്കേഷൻ & കാറ്റലോഗിങ് (തിയറി)
3. ലൈബ്രറി ക്ലാസിഫിക്കേഷൻ (പ്രാക്ടീസ്)
4. ലൈബ്രറി കാറ്റലോഗിങ് (പ്രാക്ടീസ്)
5. ഇൻഫർമേഷൻ സോഴ്സസ് & സർവ്വീസസ്

[signature]

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 553 18-07-2007-ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.പി.കൃഷ്ണപ്രസാദ്:<br>ശ്രീ.എ.എം.ആരിഫ്:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ.മുരളി പെരുനെല്ലി: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>യുവജനങ്ങളെ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ)<br>ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകൾക്കും/സന്നദ്ധ സംഘടനകൾക്കും നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി ധനസഹായം നൽകി തൊഴിൽ പരിശീലന പരിപാടികൾ നടത്താറുണ്ട്.<br>കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ, ആധുനിക തൊഴിൽ പരിശീലകരായ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന തൊഴിൽ പരിശീലക പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. തിരുവനന്തപുരത്ത് വച്ചു നടത്തിയ യൂത്ത് ഫോറം 2007-നോട് അനുബന്ധിച്ച് നടത്തിയ തൊഴിൽ മേളയിൽ 646-പേരെ ആദ്യഘട്ടത്തിൽ തൊഴിൽ നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി)<br>പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നത്; ഈ രംഗത്ത് ബോർഡ് കഴിഞ്ഞ വർഷം ഏതെല്ലാം തൊഴിൽ പരിശീലന പദ്ധതികളാണ് നടത്തിയത്; ഇതിൽ എത്ര പേർ പങ്കെടുത്തു; | (ബി)<br>ഓട്ടോറിക്ഷാ ഡ്രൈവിംഗ്, ടെയിലറിംഗ് ആൻഡ് എംബ്രോയിഡറി, കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, ഫുഡ് പ്രോസസിംഗ്, മൊബൈൽ ഫോൺ സർവ്വീസിംഗ്, ഡി.റ്റി.പി. ടി.വി, വി.സി.ആർ. റിപ്പയറിംഗ് എന്നിവയിലാണ് കഴിഞ്ഞ വർഷം പരിശീലനം നൽകിയത്.<br>2006-07-ൽ 172 ക്ലബ്ബുകളിൽ കൂടി 18,50,000/- രൂപ ചെലവഴിച്ച് 4999 പഠിതാക്കളെ പരിശീലിപ്പിച്ചു. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്). |
| (സി)<br>ബോർഡിന്റെ ആഭിമുഖ്യത്തിൽ വിപുലമായ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി)<br>2007 മേയ് മാസം 23,24 തീയതികളിൽ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഒരു തൊഴിൽ മേള സംഘടിപ്പിച്ചിരുന്നു. ഇനിയും ഇത്തരം മേളകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |

S. Mala Ray
സെക്ഷൻ ഓഫീസർ.

**SELF EMPLOYMENT TRAINING 2006-07**

| Sl:No: | District | No: of Beneficiaries | No: of Clubs | Santioned Amount |
|---|---|---|---|---|
| 1. | Thiruvananthapuram | 722 | 16 | 1,96,085/- |
| 2. | Kollam | 319 | 16 | 1,44,020/- |
| 3. | Pathanamthitta | 201 | 16 | 1,45,000/- |
| 4. | Alappuzha | 383 | 14 | 1,75,000/- |
| 5. | Kottayam | 168 | 13 | 1,30,745/- |
| 6. | Idukki | 652 | 14 | 1,68,500/- |
| 7. | Ernakulam | 877 | 12 | 1,20,000/- |
| 8. | Thrissur | 151 | 10 | 1,20,000/- |
| 9. | Palakkad | 215 | 8 | 1,35,650/- |
| 10. | Malappuram | 430 | 17 | 1,80,000/- |
| 11. | Kozhikode | 580 | 16 | 1,85,000/- |
| 12. | Kannur | 145 | 12 | 75,000/- |
| 13. | Kasargod | 156 | 8 | 75,000/- |
| | **GRAND TOTAL** | **4,999/-** | **172** | **18,50,000/-** |

## SELF EMPLOYMENT TRAINING 2006-07

THIRUVANANTHAPURAM DISTRICT

| SL No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs) | Sanctioned Amount (Rs) |
|---|---|---|---|---|---|
| 1. | Focus, Vellanadu. P.O, Thiruvananthapuram | DTP | 10<br>3 months | 15,000/- | 15,000/- |
| 2. | Akshaya Vanitha Swayam Sahaya Sangham, Kariyam, Market Junction, Sreekaryam | 1. Tailoring<br>2. Computer Trg | 25, 6 Months<br>50, 6 Months | 90,000/-<br>1,00,000/- | 20,000/<br>30, 000/- |
| 3. | Gopala Memorial Arts Club, Cheruvalam, K.T Kunnu. P.O, Kallara. Thiruvananthapuram | Tailoring | 68 | 14,000/- | 14,000/- |
| 4. | Sangamam Arts & Sports Club, Uzhamalkkal, Chakrapanipuram, Puthukkulangara. P. O, Thiruvananthapuram | DTP | 30<br>6 months | 1,13,850/- | 25,000/- |
| 5. | Reshmi Kala Samithi, Koravankonam, Thiruvananthapuram | CEO | 9<br>3 months | 13,500/- | 13,500/- |
| 6. | Mithram Charitable Society, Mele-Thampanoor. Thiruvananthapuram | DTP | 20<br>6 months | 60,000/- | 20,000/- |
| 7. | Nanma, Idichakka Plamoodu, Parasala. Thiruvananthapuarm | Garments fashion designing | 500<br>2 months | 11,000/- | 11,000/- |
| 8. | Mithram, Rural Information & Development Centre, Vedivachankovil, Thiruvananthapuram | DTP | 30<br>6 months | 25,000/- | 15,000/- |
| 9. | CARD Center, Naruvamoodu, Pravachambalam, Thiruvananthapuram | Fabric painting | 20<br>3 months | 47,000/- | 20,000/- |
| 10. | Kala Nikathan, Charupara. Thiruvananthapuram | 1.Handicrafts | 35<br>6 months | 30,000/ | 12,585/- |
| | **TOTAL** | | | | **1,96,085/-** |

KOLLAM DISTRICT

| Sl. No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs) | Sanctioned Amount (Rs) |
|---|---|---|---|---|---|
| 1. | Global Vision, Kundara. P.O. Kollam, Phone: 0474-2520600 | 1. Saree Designing | 30<br>15 days | 22,500/- | |
| | | 2.Beautician | 30<br>15 days | 55,500/- | 50,000/- |
| | | 3.Flower Making | 30<br>15 days | 37,500/- | |
| 2. | Yuva Sree Arts & Sports Club, Plavinmoodu, Puthankulam P.O, Kollam | Book Binding & Screen Printing | 105<br>1 months | 14,000/- | 14,000/- |
| 3. | Prathibha Kala Kayika Samithy, Kalayam, Chadayamangalam. P.O. Kollam | Masonry and Plumbing | 20<br>6 months | 1,40,000/- | 25,000/- |
| 4. | Sathar Hashim, Melakkadu, Kottukkal. P.O. Anchal, Kollam | Bamboo products manufacturing | 25<br>15days | 15,070/- | 15,070/- |
| 5. | Vijaya Sree Arts Club, Kanjirakkode, Kundara. P.O. Kollam | MS Office | 50<br>3 months | 15,000/- | 15,000/- |
| 6. | I.H.D. Karunagappally, Pada South, Kollam | Fabric painting | 20<br>15 days | 15,000/- | 15,000/- |
| 7. | Youth Solidarity Movement, Karmal Library, Perumkulam, Kollam, Phone: 0474-2612187 | Tailoring | 29<br>6 months | 13,500/- | 10,000/- |
| | **TOTAL** | | | | **1,44,020/-** |

## PATHANAMTHITTA DISTRICT

| Sl. No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs) | Sanctioned Amount |
|---|---|---|---|---|---|
| 1. | Akshara Educational & Charitable Society, Pazhakulam. P.O. Pathanamthitta. Phone: 0474-237899 | LMV Training | 50<br>2 months | 1,75,000/- | 25,000/- |
| 2. | Jeevan Arts & Sports Club, Ettimoottilpady, Thenginkavu. P.O, Pathanamthitta | DTP, Tally. Training Course | 20<br>2 months | 40,000/- | 20,000/- |
| 3. | Eket Charitable Society, Parakkodu, Parakkodu. P.O. Adoor (via). Pathanamthitta | Paper Carry-Bag Making | 40<br>8 days | 27,675/- | 20,000/- |
| 4. | Kairalli Arts and Sport Club, Paranthan, Pandalam. P.O, Pathanamthitta | DTP Training | 24<br>3 months | 36,000/- | [illegible] |
| 5. | Friends Arts & Sports club, Kaipuzha, Kulanada. P.O, Patahanamthitta | DTP Training | 22<br>3 months | 30,000/- | 20,000/- |
| 6. | Social Welfare & Educational Research Centre, Raghi Nilayam Building, Naranganam North. P.O, Pathanamthitta | DTP Course | 25<br>3 months | 50,000/- | 20,000/- |
| 7. | Mother Theresa Charitable Society, Kurumbakkara. P.O, Pathanamthitta. | Auto rickshaw Driving | 20<br>2 months | 38,000/- | 20,000/- |
| | TOTAL | | | | 1,45,000/- |

ALAPPUZHA DISTRICT

| Sl. No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs) | Sanctioned Amount (Rs) |
|---|---|---|---|---|---|
| 1. | Sree Ayyappa Balavedi Arts & Sports Club, Thiruvizha, Kanchikkulangara. P.O, Alappuzha | 1. Coir & Carpet Making<br>2. Diploma in Computer science | 100<br>14 days<br>10<br>6 months | 50,000/-<br><br>60,000/- | 25,000/- |
| 2. | Pranavam Yuvajanavedi & Balajana saghyam, Thrikkunnappuzha, Kottemuri, Alappuzha | DTP & Graphic Designing | 15<br>6 months | 33,750/- | 20,000/- |
| 3. | Dharmanilayam Charitable Society, Charamangalam, Muhamma. P.O, Alappuzha | 1.Handicrafts making<br>2.Goat and Rabbit rearing training.<br>3.Food Processing | 20<br>3 months<br>30<br>5 days<br>20<br>1 month | 27,000/-<br>37,200/-<br>35,400/- | 10,000/-<br>10,000/-<br>15,000/- |
| 4. | Jeevani Village Resource Development, Karuvatta. P.O, Alappuzha | 1.Manufacturing of Food Products.<br>2.Pukayillatha Adupu Manufacturing<br>3.Kuda Manufacturing | 15<br>3 days<br>8<br>7 days<br>15<br>5 days | 9,000/-<br>13,900/-<br>10,750/- | 25,000/- |
| 5. | Sanghavedi arts & sports Club, Thycattusserry. P.O, Cherthala | Tailoring Training | 10<br>6 months | 19,500/- | 10,000/- |

| | | | | | |
|---|---|---|---|---|---|
| 6. | Coastal Welfare Centre, Library & Reading Room, Thumpolly, P.O. Alappuzha | Paper Bag | 30<br>150 days | 17,000/- | |
| 7. | Academy of Arts & Sports Club, Haripadu, Mahadevikkadu. P.O. Karithakkapalli, Alappuzha | 1.Dress making<br><br>2. Training of Paper plate disposal glass | 25<br>6 months<br>20<br>3 months | 14,500/-<br><br>14,750/- | 20,000/- |
| 8. | Chethana Kala Samskarika Vedi, Perumballi, Muthukala, Alappuzha | 1.Stitching Embroidery, Dress making<br>2. Driving training | 45<br>6 months<br><br>20<br>3 months | 48,000/-<br><br><br>60,000/- | 25,000/- |
| | TOTAL | | | | 1,75,000/- |

## KOTTAYAM DISTRICT

| Sl. No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs). | Sanctioned Amount (Rs). |
|---|---|---|---|---|---|
| 1. | Elakkad Recreation Centre, Kangazha, P.O. Elakkad, Kottayam | Mobile Phone Servicing | 18<br>5 month | 22,000/- | 22,000/- |
| 2. | Center for Development of Youth Career, Puthoor Building, Kumarnallur, P.O, Kottayam | M.S. Office with DTP | 15<br>4 months | 31,350/- | 15,000/- |
| 3. | Navadhara Swayam Sahaya Sanghom, Perumpaikadu. P.O Pallipuram, Kottayam | Food Processing | 20<br>1 month | 14,850/- | 14,850/- |
| 4. | Youth Arts &Sports Club,Erumpayam, P.O, Kottayam | Fabric Painting & Textile Printing | 20<br>8 days | 14,950/- | 14,950/- |
| 5. | Brothers Club and Library, Velanilam, P.O, Kootikkal, Mundakkayam, Kottayam | Spoken English, Cancer Awareness Direction Class | 30<br>2 months | 14,590/- | 14,590/- |
| 6. | Dr.Ambedkar Seva Samaj,Pampady, P.O, Kottayam, Phone: 9447006275 | Training in Paper Bag & Paper File Making | 15<br>7 days | 14,850/- | 14,850/- |
| 7 | The Friends Club, Kadaplamattom, P.O, Kottayam | Building painting | 30<br>20 days | 19,575/- | 19,575 |
| 8 | Navabhavana Vanitha Samajam, Muttuchira, P.O, Kottayam | Computer Awareness | 20<br>1 month | 14,930/- | 14,930/- |
| | **TOTAL** | | | | **1,30,745/-** |

**IDUKKI**

| Sl. No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs) | Sanctioned Amount (Rs) |
|---|---|---|---|---|---|
| 1. | EMS Smaraka samkaraposhini Library & Club, Compayar, Phone: 04868234050 | 1. Computer DTP<br>2. Career guidance | 40<br>3 months<br>60<br>3 days | 33,750/-<br>14,440/- | 20,000/- |
| 2. | Kodayathoor Development Society, Kodayathur. P.O | DTP | 25<br>3 months | 30,000/- | 20,000/- |
| 3. | Sopanam Arts & Sports Club, Kanjar. P.O, Idukki | Agarbathi makding | 10<br>3 days | 15,000/- | 15,000/- |
| 4. | S.J. National Arts & Sports Club, Velliamottom. Idukki | DTP Training Course,<br>Auto Driving | 20<br>6 months<br>15<br>15 days | 65,500/-<br>42,500/- | 20,000/- |
| 5. | Grameena Vayanasala Ponpulari Arts & Sports Club, Ponnamthanam, Thattarathatta. P.O, Thodupuzha | Computer Training | 35<br>6 months | 51,500/- | 20,000/- |
| 6. | Sobhana Arts Club & Reading Room, Kallarpattom Colony, Balogram. P.O, Idukki | DTP & Internet Training | 22<br>3 months | 39,725/- | 20,000/- |
| 7. | Haritha Farmes Society, Kuzhitholu. P.O, Idukki | 1.Bee Keeping,<br>2. Goat Rearing,<br>3. Organic Farming. | 150<br>3 days<br>100<br>1 day<br>80<br>1 day | 6,750/-<br>5,750/-<br>3,500/- | 6,750/-<br>5,750/-<br>3,500/- |
| 6. | Sasikumar Memorial Youth Welfare Club, Urban Bank Junction, Thodupuzha | Electric Embroidery Training | 15<br>6 months | 17,500/- | 17,500/- |
| 7. | C.S.C.M., Chempakappara. P.O, Idukki | 1. Fashion Dress Making<br>2. Handicraft | 40<br>6 months<br>40<br>6 months | 60,000/-<br>30,000/- | 20,000/- |
| | **TOTAL** | | | | **1,68,500/-** |

ERNAKULAM

| Sl. No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs) | Amount Sanctioned (Rs) |
|---|---|---|---|---|---|
| 1. | Mohammed Abdul Rahman Samskarika Samithy, West Veliyathunadu. P.O, Alangadu, Ernakulam | DTP | 3 months | 35,000/- | 20,000/- |
| 2. | Chintha Theaters, Thelathuruthu, North Kuthiyathodu. P.O, Ernakulam | Tailoring | 100<br>3 months | 15,000/- | 15,000/- |
| 3. | Hi-Tech Association & Arts & Sports Club, Kottamam, Neeleswaram Ernakulam | Training in the Production of Bamboo Handicrafts,Paper Cover,Carry Bag & Wax Making | 25<br>21 days | 34,660/- | 25,000/- |
| 4. | Deepin Charitable Institute of Women, Elenthikkara. P.O, Ernakulam | DTP | 20<br>6 months | 25,000/- | 20,000/- |
| 5. | Kairali Arts & Sports Club, Vettampara. P.O. Kothamangalam, Ernakulam | T.V mechanism | 20<br>2 months | 15,000/- | 15,000/- |
| 6. | Jawahar Arts Club & Library,Thathapilly. P.O, Mannom, North Paravoor, Ernakulam. Phone: 9447414710 | 1.Self Employment Training | 40<br>17 days | 25,855/- | 10,000/- |
| 7. | Yuvabhavana Library & Reading Room,Vadacodu. P.O. Kaipadamugal, Ernakulam | DTP | 20<br>2 month | 15,000/- | 15,000/- |
| | **TOTAL** | | | | **1,20,000/-** |

THRISSUR DISTRICT

| Sl. No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs) | Sanctioned Amount (Rs) |
|---|---|---|---|---|---|
| 1. | Yuva Samjam Samuhika Seva sangam, Chittilappally, P.O. Thrissur | Bag making | 25<br>3 months | 31,500/- | 20,000/- |
| 2. | Fighters Arts & Sports club, Erattupuzha P.O, Blangad, Chavakkadu, Thrissur, Phone: 0484105 | Motor Driving | 5<br>3 months | 15,000/- | 15,000/- |
| 3. | Challengers Arts & Sports Club, Killimangalam. P.O, Thrissur | Tailoring | 60<br>6 months | 40,000/- | 20,000/- |
| 4. | Friends Arts & Sports Club, West Koratty, Mambara, P.O, Thrissur | Tractor driving | 20<br>15 days | 25,000/- | 20,000/- |
| 5. | RS boys Arts and Sports Club, Oorakam, P.o, Thrissur | Mobile Phone servicing | 6<br>6 months | 15,000/- | 15,000/- |
| 6. | Third eye Theater group, Ashtamichira, Thrissur | Biogas unit | 10<br>2 days | 15,000/- | 15,000/- |
| 7. | Samanwaya Arts & Sports Club, Porathor, Karalam, P.O, Thrissur | Agricultural Training | 25<br>15 days | 15,000/- | 15,000/- |
| | TOTAL | | | | 1,20,000/- |

PALAKKAD DISTRICT

| Sl. No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs) | Sanctioned Amount (Rs) |
|---|---|---|---|---|---|
| 1. | Brother's arts and Sports Club, Karappadam, Moolamkode, P.O Phone: 9446791773 | 1.Three wheeler driving training<br>2. Tailoring training<br>3. DTP | 20<br>3 months<br>30<br>6 months<br>25<br>4 months | 51,500/-<br>28,500/-<br>51,500/- | 25,000/- |
| 2. | Navodhayam Club and Library, Palakkayam, P.O. Palakkad | 1. Computer training<br>2. Toy making | 30<br>60 hours<br>20<br>2 days | 16,500/-<br>9,150/- | 16,500/-<br>9,150/- |
| 3. | EMS Smaraka Charitable Society, Parthala, Mannampatta, P.O, Palakkad | 1. Tally<br>2. DTP<br>3. Tailoring Course | 10<br>3 months<br>"<br>15<br>6 months | 39,460/-<br>34,460/-<br>22,010/- | 30,000/- |
| 4. | New Star Youth Club, Vattayar, Ootara, Kollamkodu | Flux Designing | 10<br>3 months | 32,200/- | 20,000/- |
| 5. | Shrishti Arts & Sports Club, Kadambadi, Cittilamcherrey, P.O. Palakkad | 1. Tailoring & Hand Embroidery<br>2. Repairing of Home appliances<br>3. Making of Electronic Appliances | 15<br>6 months<br>20<br>2 months<br>" | 8,500/-<br>10,500/-<br>11,000/- | 15,000/- |
| 6. | Friends Arts & Sports Club, Karakkadu, Kavalappara, Shornur, Palakkad | 3 Wheeler & 4 Wheeler Training | 20<br>1 month | 74,500/- | 20,000/- |
| | **TOTAL** | | | | **1,35,650/-** |

598/

95

MALAPPURAM DISTRICT

| Sl. No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs) | Sanctioned Amount (Rs). |
|---|---|---|---|---|---|
| 1. | Liberty Arts & Sports Club, Mankkada, Pallipuram, Malappuram | Bag Making | 100<br>6 months | 1,00,000/- | 25,000/- |
| 2. | Yuvadhara Arts & Sports Club, Pandikkad. P.O Valarad, Malappuram | Certificate in Print & Publish (Multi Media) | 20<br>6 Months | 50,000/- | 25,000/- |
| 3. | Viswaprabha Library, Kavalamukkatta. P.O. Malappuram | 1.Rabbit Rearing Training | 40<br>10 days X 4 batches | 16,900/- | 25,000/- |
| | | 2.DTP | 40<br>3 months x 2 batches | 31,150/- | |
| 4. | Ponnempadam Kalasamithy. Karaduparamba. P.O. Farook College (via). Malappuarm, Phone: 0483-2831610 | Training in M.S Office, DTP & Computerized Financial Accounting | 40<br>4 Months<br>(2 Batch) | 39,600/- | 15,000/- |
| 5. | Parathakkad Arts & Sports Club, Parathakkadu, Muthuparamba. P.O, Kondotty, Malappuram | 1.Mobile Phone Technology | 60<br>6 Months | 1,92,000/- | 25,000/- |
| | | 2. Computer Hardware | 60<br>6 Months | 1,92,000/- | |
| | | 3. Plumbing | 30<br>6 Months | 96,000/- | |
| 6. | Ponnani Coastal Area Fisher Women's Society. Near Government Light House, Ponnani Nagaram, Malappuram | Fish Processing | 25<br>6 Months | 99,000/- | 20,000/- |
| 7. | Kairali Arts & Sports Club. Oorakam. Melmuri.P.O, Malappuram | Soap making | 15<br>3 Months | 20,000/- | 15,000/- |

9257

| | | | | | |
|---|---|---|---|---|---|
| 8. | Vandana Sports & Arts Club, Thavanoor. P.O, Malappuram | Rexin Bag Training | 10<br>6 Months | 44,000/- | 15,00 |
| 9. | C.H Youth Centre. Choonoor. Chengottor. P.O | Tailoring Training | 45<br>6 Months | 40,000/- | 15,00 |
| | **TOTAL** | | | | **1,80,000** |

KOZHIKODE DISTRICT

| Sl. No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs) | Sanctioned Amount (Rs) |
|---|---|---|---|---|---|
| 1. | Yuvadhara Kalavedy, Thattolikkara, Chembala, Kozhikode, Phone: 0496-3292491 | Autorikshaw Driving course | 30<br>2 months | 75,000 | 25,000/- |
| 2. | Souparnika Public Library Arts and Sports club, Elanhickal, Thamblammanna. P.O, Kozhikode, Phone: 0495-2255060 | Autorikshaw Driving course | 25<br>60 days | 62,500/- | 30,000/- |
| 3. | Rural Development Society, Cheruvadi, Kozhikode. Phone: 0495-2209552 | 1. Handicrafts and doll making<br>2. Pot making and Fabric painting | 60<br>1 months<br>30<br>1 months | 68,400/-<br>40,000/- | 30,000/- |
| 4. | Vigil Kerala Foundation, Iruvalur. P.O, Chelannur, Kozhokode Phone: 0495-2263964 | 1.Cellphone repairing<br>2. Cloth bag making | 100 hours<br>150<br>15 days | 2,50,000<br>1,12,500 | 30,000/- |
| 5. | Yuva Arts & Sports Club, Kelothuvayal, Nanminda, Kozhiode | Book binding Umberalla making Toys etc | 200<br>one week | 30,000 | 25,000/- |
| 6. | Udaya Farmers vikas Valandia Vahili club, Unnikkulam. P.O, Poonoor, Kozhikode, Phone: 04962647402 | MS Office Computer Course | 25<br>3 months | 33,000/- | 25,000/- |
| 7. | Sindhu Arts & Sports Club, Mankkadave. P.O, Pantheeramkavu | 1.DTP<br>3. Saree designing and fabric painting | 20<br>3 months<br>40<br>60 days | 18,500/-<br>18,500/- | 20,000/- |
| | TOTAL | | | | 1,85,000/- |

KANNUR DISTRICT

| Sl. No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs) | Sanctioned Amount (Rs) |
|---|---|---|---|---|---|
| 1. | Young Brothers Arts & Sports Club, Thazha chowa, Kannur | Auto driving Training | 10<br>4 months | 15,000/- | 15,000/- |
| 2. | Navodaya Kala Samithi, Pavannoor, Motta. P.O. Mayyil | Computer Operation and DTP | 85<br>One Year | 1,24,000/- | 20,000 |
| 3. | Yuva Sakthi Arts & Sports Club, Mattara, vattiyamthode. P.O, Kannur | Tailoring | 6 months | 50,000/- | 20,000/- |
| 4. | Swanthanam Educational Chair Trust, Vengad. P.O | Tailoring and Embroidery | 50<br>6 months | 1,03,400/- | 20,000/- |
| | TOTAL | | | | 75,000/- |

KASARGOD DISTRICT

| Sl. No | Name & Address of Club's & NGO's | Project Applied for | Number of Beneficiaries & Course Duration | Amount Applied (Rs) | Sanctioned Amount (Rs) |
|---|---|---|---|---|---|
| 1. | Golden Wings Arts & Sports Club, Kottamala. P.O Neeleswaram | Computer Education | 25<br>6 months | 78.750/- | 20,000/- |
| 2. | A.K.G Smaraka Grandhasala, Panoor. Kottur. P.O. Mooliyar | 1. Employment Coaching Class | 55 | 10,000/- | 10,000/- |
| 3. | Navodaya Mahila Samajam,Mouveni, Kottamala. P.O, Neeleswaram | Training in TailorinG | 21<br>3 months | 15,000/- | 15,000/- |
| 4. | Old Student Association, Vannamgulam, Rifahiya Nagar. Kumbalam | Tailoring | 30<br>6 months | 18.140/- | 15,000/- |
| 5. | Darsana Mahila Samajam, Mouveni, Kottamala. P.O. Neeleswaram | Training in Tailoring | 25<br>6 months | 15,000/- | 15,000/- |
| | **TOTAL** | | | | **75,000/-** |

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 554

18.7.2007-ൽ മറുപടിയ്ക്ക്

## സ്കൂൾ രക്ഷാകർത്തൃ സമിതികൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.എൻ.രാജൻ<br>ശ്രീ.കെ.രാജു<br>ശ്രീ.പള്ളിപ്രം ബാലൻ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) എല്ലാ സ്കൂളുകളിലും അധ്യാപക-രക്ഷാകർത്തൃ സമിതികൾ ഈ അധ്യയനവർഷം രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) എല്ലാ അധ്യായനവർഷവും സ്കൂളുകളിൽ അധ്യാപക രക്ഷാകർത്തൃ സമിതികൾ രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം നിലവിലുണ്ട്. |
| (ബി) പ്രസ്തുത സമിതികളുടെ പ്രവർത്തനത്തിനായി എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; | (ബി) സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.126/2007/പൊ.വി.വ. തീയതി 25.6.2007 പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ അധ്യാപക രക്ഷാകർത്തൃ സമിതി രൂപീകരി കരിക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ചില സ്കൂളുകളിലും സമിതികൾ രൂപീകരിച്ചതിനുശേഷം പ്രവർത്തന രഹിതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) പുതിയ മാർഗ്ഗരേഖകൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കാൻ പി.ടി.എ.കളെ സഹായിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 555 — 18.07.2007-ൽ മറുപടിയ്ക്ക്

## സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ.കെ.ദിവാകരൻ:
ശ്രീ.എ.പ്രദീപ് കുമാർ:
ശ്രീ.കെ.വി.കുഞ്ഞിരാമൻ:
ശ്രീ.എ.എം.ആരിഫ്:
ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:

**ഉത്തരം**

ശ്രീ.എം.വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ)
യുവജന ക്ലബ്ബുകളെ മുഴുവനും കേരള സംസ്ഥാന യുവജന ബോർഡിൽ അഫിലിയേറ്റ് ചെയ്യുന്നുണ്ടോ ;

(ബി)
എത്ര യൂത്ത് ക്ലബ്ബുകളെ ഇപ്രകാരം അഫിലിയേറ്റ് ചെയ്തിട്ടുണ്ട്;

(എ) യും (ബി) യും
ഇല്ല.
1955-ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്ര-ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ലബ്ബുകളെ മാത്രമാണ് യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്യുന്നത്. ഇതുവരെ 2642 ക്ലബ്ബുകളെ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

(സി)
യുവജനക്ഷേമ ബോർഡ് പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം എങ്ങനെ പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി)
യുവജനക്ഷേമ ബോർഡ് പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്.
യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം താഴെ പറയുന്ന കാര്യങ്ങൾക്കായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

1. സംഘടിത യുവശക്തി അതാതിടങ്ങളിലെ പ്രാദേശിക വികസനത്തിനും, സാമൂഹ്യ പരിഷ്കരണത്തിനും, ദുരന്ത നിവാരണത്തിനും, രക്തദാനത്തിനും പ്രയോജനപ്പെടുത്തുക.
2. യുവജനങ്ങൾക്കായുള്ള സ്വയം തൊഴിൽ പരിശീലന പരിപാടികൾ.
3. സാംക്രമിക രോഗങ്ങൾക്കെതിരെയും ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെയുമുള്ള ബോധവൽക്കരണ പരിപാടികൾ.
4. കേരളോത്സവം പരിപാടികൾ.
5. കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന്.

(ഡി)
ഇതിനകം എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ഡി)
ഇതിനകം ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധം II ൽ ചേർത്തിട്ടുണ്ട്.

(ഇ)
സ്ത്രീകൾക്ക് മാത്രമായി പ്രത്യേക യൂത്ത്ക്ലബ്ബുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(ഇ)
ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

S. Malathy

സെക്ഷൻ ഓഫീസർ.

## അനുബന്ധം I

### I. യുവശക്തി

സ്വയംതൊഴിൽ സംരംഭങ്ങൾക്ക് യഥാർത്ഥ താൽപ്പര്യമുള്ളവരെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം നൽകി ബാങ്കുകളിൽ നിന്നും മറ്റു വകുപ്പുകളിൽ നിന്നും ലഭ്യമായ ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്ന സ്വയം തൊഴിലിൽ ഏർപ്പെടാൻ സജ്ജരാക്കുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തു തല യൂത്ത് സെന്ററുകളും, സെൽഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും രൂപീകരിക്കുന്നതാണ്.

**ഗ്രാമപഞ്ചായത്തുതല യൂത്ത് സെന്റർ രൂപീകരണം**

യുവജനങ്ങൾക്ക് തൊഴിൽ-വിദ്യാഭ്യാസ മാർഗ നിർദ്ദേശങ്ങൾ നൽകൽ, കോച്ചിംങ് ക്ലാസ്സുകൾ, കലാ-കായിക പ്രവർത്തനങ്ങൾക്ക് നേതൃത്വം, പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്ക് ക്രിയാത്മക നേതൃത്വം, കമ്പ്യൂട്ടർ പരിജ്ഞാനം എന്നിവയാണ് ഇതിന്റെ ലക്ഷ്യം.

**ഗ്രാമപഞ്ചായത്തുതല സെൽഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

ഗ്രാമതല യൂത്ത് സെന്ററുകൾ ക്രിയാത്മകമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുതല സെൽഫ് എംപ്ലോയിമെന്റ് എക്ചേഞ്ചുകൾ രൂപീകരിക്കുന്നതാണ്. ഇത്തരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓരോപഞ്ചായത്തിലും സ്വയംതൊഴിൽ സംരംഭകരാകുന്നതിന് യഥാർത്ഥ താൽപ്പര്യമുള്ള യുവജനങ്ങൾക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന യുവജനങ്ങൾക്ക് അതാതുപ്രദേശങ്ങളിൽ വിജയകരമായ സ്വയംതൊഴിൽ സാധ്യതകളെ സംബന്ധിച്ച വിശദവിവരങ്ങൾ അടങ്ങുന്ന പ്രോജക്ട് പ്രൊപ്പോസലുകളും നൽകാൻ ശ്രമിക്കുന്നതാണ്. ഇതിന്റെ നല്ല രീതിയിലുള്ള നടത്തിപ്പിനായി ബ്ലോക്കുപഞ്ചായത്തുതലത്തിൽ പരിശീലനപരിപാടിയും സംഘടിപ്പിക്കുന്നതാണ്.

**ii. ജാലകം**

എല്ലാ ജില്ലാകേന്ദ്രങ്ങളിലും യുവജനക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ 'ജാലകം' എന്ന പേരിൽ പദ്ധതി നടപ്പിലാക്കും. ഇൻഫർമേഷൻ സെന്റർ, വിജ്ഞാന കേന്ദ്രം, ഇന്റർനെറ്റ് സൗകര്യം, കരിയർ ഗൈഡൻസ്, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ ഉൾപ്പെടുന്ന ജാലകത്തിന്റെ നേതൃത്വത്തിൽ ഫിനിഷിംഗ് സ്കൂളുകൾ, സ്ഥിരം പരീക്ഷാ കോച്ചിംഗ് ക്യാമ്പുകൾ, തൊഴിൽ ബാങ്കിങ് എന്നിവയെല്ലാം സംഘടിപ്പിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**III- ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്**

കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെയും കോളേജ് വിദ്യാർത്ഥി യൂണിയൻ നേതാക്കൾക്ക് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിലായി ഓരോമേഖലയിലെയും 100 പേർക്ക് വീതം 3 ദിവസം നീണ്ടുനിൽക്കുന്ന 3 ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണ്

**അനുബന്ധം II**

## സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

### 1. യുവ സാമൂഹിക പ്രവർത്തക ക്യാമ്പ്

കേരളത്തിന്റെ വികസനത്തിന് യുവജനങ്ങളെ അണിനിരത്തുക, യുവജനസമൂഹത്തിന് ക്രിയാത്മക നേതൃത്വം ഉറപ്പുവരുത്തുക, സാംസ്കാരിക മണ്ഡലത്തിൽ ശക്തമായ പ്രതിരോധം വളർത്തിയെടുക്കുക, പുരോഗമനാഭിമുഖ്യവും ശാസ്ത്രീയ ചിന്തയും വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി യുവജനക്ഷേമ ബോർഡ് സംസ്ഥാനതലത്തിൽ 140 പേർക്ക് 3 ദിവസം നീണ്ടുനിൽക്കുന്ന ക്യാമ്പും 14 ജില്ലകളിലും 100 പേരെ വീതം സംഘടിപ്പിച്ചുകൊണ്ട് നടത്തുന്ന ജില്ലാതലക്യാമ്പുകളും നടത്തുന്നു.

### 2 സ്വയം തൊഴിൽ പരിശീലന പദ്ധതി

ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യുവജനസംഘടനകൾക്ക് സ്വയംതൊഴിൽ പരിശീലന പദ്ധതികൾക്ക് ധനസഹായം നൽകുന്നു. പ്രദേശിക തൊഴിലിനങ്ങളിൽ നൽകാവുന്ന പരിശീലന പരിപാടികൾക്കാണ് ബോർഡ് ധനസഹായം നൽകുന്നത്.

### 3. ബോധവൽക്കരണ പരിപാടികൾ

ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യുവജനസംഘടനകൾ/ക്ലബ്ബുകൾക്ക് വിവിധമേഖലകളിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് ധനസഹായം നൽകും. എയിഡ്സ്-ക്യാൻസർ രോഗങ്ങളെ എങ്ങനെ ഫലപ്രദമായി പ്രതിരോധിക്കാം എന്നതിനെക്കുറിച്ചും പുകവലി, മദ്യം, മയക്കുമരുന്ന്, പാൻമസാല എന്നിവയുടെ ഉപയോഗംമൂലമുണ്ടാകുന്ന ദുഷ്യഫലങ്ങൾ, പരിസ്ഥിതി സംരക്ഷണം, റോഡ് സുരക്ഷ, വിവരാവകാശം, ജലസംരക്ഷണം, തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണം എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

### 4. ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം

ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പുതിയ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകുന്നു.

## 5. ബോട്ട് ക്രൂ പരിശീലനം

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ യുവജനങ്ങളെ മർക്കന്റൈൽ മറൈൻ ഡിപ്പാർട്ടുമെന്റും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും ചേർന്ന് നൽകുന്ന ലൈസൻസ് നേടുന്നതിന് പ്രാപ്തരാക്കുന്നതിനായ ബോട്ട്-ബാർജ് ഡ്രൈവിങ്ങിലും, എൻജിൻ മെക്കാനിസത്തിലും കൊച്ചിയിൽ വച്ച് പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. ആറുമാസത്തെ ഈ കോഴ്സിന് ഒരാൾക്ക് 15,000/ രൂപയാണ് ഫീസ്. ഈ തുക യുവജനക്ഷേമ ബോർഡ് നൽകുന്നു. കൂടാതെ ഒരാൾക്ക് ഒരു കോഴ്സിന് 1000 രൂപ സ്റ്റൈപന്റും നൽകുന്നു. ഒരു ബാച്ചിൽ 30 പേർക്കാണ് പരിശീലനം നൽകുന്നത്.

## 6. കൗമാരപ്രായക്കാരുടെ ശാക്തീകരണം-'സനാഥബാല്യം' പദ്ധതി

13 മുതൽ 19 വയസ്സുവരെയുള്ള കൗമാരപ്രായക്കാരുടെ ശാക്തീകരണത്തിനും വികസനത്തിനുമായി ബോർഡ് പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഹൈസ്ക്കൂളിലും ഹയർ സെക്കന്ററി സ്ക്കൂളുകളിലും 'ടീൻസ് ക്ലബ്ബുകൾ' ആരംഭിക്കുന്നു.

കൗമാരപ്രായക്കാരായ അനാഥർക്ക് 'സനാഥബാല്യം' പരിപാടി സംഘടിപ്പിക്കും. തെരുവുകുട്ടികൾ, അനാഥാലയങ്ങളിൽ കഴിയുന്ന കുട്ടികൾ എന്നിവരുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ലക്ഷ്യം.

## 7. സാഹസിക അക്കാദമി

കേരളത്തിലെ യുവാക്കളിലെ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ ദേവികുളത്ത് ഒരു അഡ്വവഞ്ചർ അക്കാദമിയും കണ്ണൂർ ജില്ലയിൽ മുഴുപ്പിലങ്ങാട് ബീച്ചിൽ ഇതിന്റെ ഉപകേന്ദ്രവും പ്രവർത്തിച്ചു വരുന്നു. ഇവയുടെ കീഴിൽ പാരാഗ്ലൈഡിംഗ്, ട്രക്കിംഗ്, റോക്ക് ക്ലൈമ്പിങ്ങ് എന്നീ സാഹസിക പരിപാടികൾക്കുള്ള സൗകര്യം നിലവിൽ ഉള്ളതാണ്. ഓരോ സ്പെഷ്യൽ ഓഫീസർമാരുടെ ചുമതലയിൽ ആണ് ഈ സെന്ററുകൾ പ്രവർത്തിച്ചു വരുന്നത്.

8. <u>യൂത്ത് അവാർഡ്</u>

യുവജനങ്ങളിലെ സാമൂഹിക പ്രതിബദ്ധത വർദ്ധിപ്പിക്കുന്നതിനും അവരിൽ സേവന മനോഭാവം വളർത്തുന്നതിനും കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് യൂത്ത് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നു. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലുമാണ് അവാർഡ് നൽകുന്നത്. ജില്ല തലത്തിലും സംസ്ഥാന തലത്തിലും നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന ക്ലബ്ബ്/സംഘടനകൾക്കും യുവ സാമൂഹ്യ പ്രവർത്തകർക്കുമാണ് അവാർഡ് നൽകുന്നത്. ഒരു ജില്ലയിൽ നിന്ന് ഒരു വ്യക്തിയേയും ഒരു സംഘടനയേയുമാണ് തെരഞ്ഞെടുക്കുന്നത്. ജില്ലാതല അവാർഡ് വിജയികളിൽ നിന്ന് ഒരു വ്യക്തിയേയും ഒരു സംഘടനയേയും തെരഞ്ഞെടുത്ത് സംസ്ഥാന തല അവാർഡ് നൽകുന്നു. ജില്ലാതല വിജയികളായ വ്യക്തികൾക്ക് 5000/- രൂപ വീതവും സംഘടനകൾക്ക് 15000/- രൂപ വീതവും ക്യാഷ് അവാർഡ് നൽകുന്നു. സംസ്ഥാന തല വിജയിയായ വ്യക്തിക്ക് 15000/- രൂപയും സംഘടനയ്ക്ക് 25000/- രൂപയും നൽകുന്നു. ഈ വർഷത്തെ അവാർഡ് വിതരണം തൃശ്ശൂരിൽ വച്ച് ഫെബ്രുവരി 12 ന് നടന്നു.

9. <u>ദേശീയോദ്ഗ്രഥന ക്യാമ്പ്</u>

യുവജനങ്ങളിൽ ദേശീയോദ്ഗ്രഥനത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് എല്ലാ വർഷവും ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിലുള്ള യുവജനങ്ങളെ ഒരേ വേദിയിൽ അണിനിരത്തി വിവിധ തരത്തിലുള്ള കലകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, എന്നിവ അവതരിപ്പിക്കുന്നു. കൂട്ടായ്മയിലൂടെ രാജ്യത്തിന്റെ പുരോഗതിയ്ക്ക് യുവശക്തിയെ വളർത്തുന്നതിനുള്ള വേദിയാണ് ദേശീയോദ്ഗ്രഥന ക്യാമ്പുകൾ. ഈ സാമ്പത്തിക വർഷത്തെ ക്യാമ്പ് സംഘടിപ്പിക്കുന്നതിന്റെ ചർച്ചകൾ നടക്കുന്നു.

10. <u>എക്സിബിഷൻ ഫോർ യൂത്ത്</u>

യുവജനങ്ങളിൽ അന്തർലീനമായി കിടക്കുന്ന കലാവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവർ വിവിധ അസംസ്കൃത വസ്തുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കരകൗശല വസ്തുകൾ, പെയിന്റിംഗ് തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമായി ഒരു അവസരം ഒരുക്കുകയാണ് എക്സിബിഷൻ ഫോർ യൂത്ത് എന്ന പദ്ധതിയിലൂടെ ബോർഡ് വിഭാവനം ചെയ്യുന്നത്.

**11. യൂത്ത് ഹോസ്റ്റൽ**

യുവജന ക്ഷേമ ബോർഡിന്റെ കീഴിൽ സംസ്ഥാനത്ത് 3 യൂത്ത് ഹോസ്റ്റലുകൾ നിലവിലുണ്ട്. തിരുവനന്തപുരത്ത് വേളിയിലും, എറണാകുളത്ത് കാക്കനാടും, കോഴിക്കോട് ഈസ്റ്റ് ഹില്ലിലുമാണ് ഇവ പ്രവർത്തിക്കുന്നത്. സഞ്ചാരികളായ യുവജനങ്ങൾക്ക് ചുരുങ്ങിയ ചെലവിൽ സുരക്ഷിതമായ ശുചിത്വമുളള താമസ സൗകര്യം പ്രദാനം ചെയ്യാനുദ്ദേശിച്ചുളള താമസ സൗകര്യം പ്രദാനം ചെയ്യുന്ന സ്ഥാനങ്ങളാണിവ.

**12. ജോബ് ഫെയർ.**

കേരളത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ആശ്വാസമേകാനായി കോർപ്പറേറ്റ്/സ്വകാര്യ മേഖലയിൽ ലഭ്യമായ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ജോബ് ഫെയർ സംഘടിപ്പിക്കുന്നു. തൊഴിൽ അന്വേഷകരെയും തൊഴിൽ ദായകരെയും ഒരേ വേദിയിൽ എത്തിച്ച് തൊഴിൽ അന്വേഷകർക്ക് ഒരേ സമയം പല സ്ഥാപനങ്ങളിലെയും തൊഴിലവസരങ്ങൾ വിലയിരുത്തി ഏറ്റവും സ്വീകാര്യമായത് നേടുന്നതിനും ഇതു വഴി സൗകര്യം ലഭിക്കുന്നു. കൂടാതെ സ്വകാര്യ ഏജൻസികൾ നടത്തുന്ന തൊഴിൽ മേളകളിൽ നിന്നും വിഭിന്നമായി തൊഴിൽ അന്വേഷകരിൽ നിന്ന് ഇതിനായി യാതൊരു തുകയും സർവ്വീസ് ചാർജ്ജായോ രജിസ്ട്രേഷൻ ഫീസ് ഇനത്തിലോ ഈടാക്കുന്നതുമില്ല.

**13. ഓൺലൈൻ ജോബ്സൈറ്റ്**

യുവജന ക്ഷേമ ബോർഡ് ഓൺലൈൻ ജോബ് സൈറ്റ് ആരംഭിച്ചിരിക്കുന്നു. കേരളത്തിലെ യുവജനങ്ങൾക്ക് തികച്ചും സൗജന്യമായി അവരുടെ തൊഴിൽ സംബന്ധമായ ബയോഡേറ്റ എവിടെ നിന്നും രജിസ്റ്റർ ചെയ്യാവുന്നതും അവ കാലനുസൃതമായി പുതുക്കാൻ കഴിയുന്നതുമാണ് ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്നവരുടെ വിവരങ്ങൾ തൊഴിൽ ദായകർക്ക് സൗജന്യമായി ലഭ്യമാക്കുന്നതാണ്. തൊഴിൽ ദായകർക്ക് അവരുടെ ആവശ്യാനുസരണം അനുയോജ്യമായവരെ തെരഞ്ഞെടുക്കാവുന്നതും ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ തൊഴിൽ ദായകർക്ക് യാതൊരു വിധ ഫീസും നൽകേണ്ടതില്ല. നിലവിൽ ജോലിയുളളവർക്കും കൂടുതൽ മെച്ചപ്പെട്ട ജോലി ലഭിക്കുന്നതിനായി ഈ ജോബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. യുവജനക്ഷേമ ബോർഡിന്റെ ജോബ് സൈറ്റിന്റെ പേര് **www.keralayouthjob.org.**

B. Malathy

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 556

### 18.07.2007 - ൽ മറുപടിക്ക്

### പുതിയ സഹകരണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. പി. കൃഷ്ണപ്രസാദ് | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| എ) വ്യത്യസ്ഥ മേഖലകളിലുള്ളവരെ സഹകരിപ്പിച്ച് കൂടുതൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പദ്ധതിയുണ്ടോ; | എ) സഹകാരികൾ മുന്നോട്ടു വരുന്ന മുറയ്ക്കാണ് രജിസ്ട്രേഷൻ നൽകുന്നത്. |
| ബി) പ്രവാസികൾ, തൊഴിൽ രഹിതരായ യുവജനങ്ങൾ തുടങ്ങിയവരുടെ ക്ഷേമത്തിനായി പുതിയ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) പുതുതായി ഏതെല്ലാം മേഖലയിലുള്ളവരാണ് രജിസ്ട്രേഷനു വേണ്ടി സമീപിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | സി) അൺ എംപ്ലോയിഡ് ആൻറ് എഡ്യുക്കേറ്റഡ് സ്കിൽഡ് വർക്കേഴ്സ് ആയ വ്യക്തികൾക്കുവേണ്ടി ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ ടെലിവിഷൻ, സിനിമ ടെക്നീഷ്യൻ മേഖലയിലുള്ള വ്യക്തികളുടെ സഹകരണ സംഘങ്ങൾ, വ്യാപാരി വ്യവസായി സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ, സെക്യൂരിറ്റി ജീവനക്കാരുടെ സേവനം നൽകുന്നതിനുള്ള സഹകരണ സംഘം, എൽ.ഐ.സി. ഏജൻറുമാരുടെ സഹകരണ സംഘം, റെയിൽവേ |

എംപ്ലോയീസ്, ഔഷധ സസ്യകൃഷിക്കാർ, ജേർണലിസ്റ്റുകൾ, റെയിൽവേ കോൺട്രാക്റ്റ് കാറ്ററിംഗ് വർക്കേഴ്സ് സഹകരണ സംഘം, പാലക്കാട് ജില്ലാ ലൈഫ് ഇൻഷ്വറൻസ് ഏജൻറ് സഹകരണ സംഘം, മത്സ്യ മാംസ വ്യാപാര രംഗത്തുള്ളവർ, വനിതകൾ, ലോറി ട്രാൻസ്പോർട്ട് ഏജൻറ്സ്, മൂവിംഗ് ബങ്ക് ലൈസൻസ് ഓണേഴ്സ്, വിദ്യാഭ്യാസ രംഗത്ത്പ്രവർത്തിക്കുന്നവർ, ബേക്കറിരംഗത്ത് പ്രവർത്തിക്കുന്നവർ, സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർ, ഗ്രാമീണ തൊഴിലാളികൾ, ലോട്ടറി തൊഴിലാളികൾ, സ്ക്രാപ്പ് ആൻറ് വേസ്റ്റ് പേപ്പർ മെർച്ചൻറ്സ് സഹകരണ സംഘം, തിരുനന്തപുരം ജില്ലാ പ്രൈവറ്റ് ടെംപിൾ ആൻറ് ടെമ്പിൾ എപ്ലോയീസ് സോഷ്യൽ വെൽഫയർ സഹകരണ സംഘം, ഓൾ കേരളടൂറിസ്റ്റ് ആൻറ് പിൽഗ്രിംസ് സഹകരണ സംഘം, മരുത്വാ ഭാരതീയ പാര മ്പര്യ സിദ്ധ ആയുർവേദ യുനാനി സഹകരണ സംഘം, ടെലിഫോൺ സബ്സ്ക്രൈബേഴ്സ് സഹകരണ സംഘം, ചെറുകിട കച്ചവട സഹായ വെൽഫയർ സഹകരണ സംഘം തുടങ്ങിയ മേഖലകളിലുള്ളവരാണ് പുതുതായി രജിസ്ട്രേഷനുവേണ്ടി സമീപിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 557 18-07-2007-ൽ മറുപടിക്ക്

## ശാസ്ത്ര സാങ്കേതിക മ്യൂസിയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പ്ലാനറ്റേറിയത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ടോ; | എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ പ്രധാന ഗാലറികളായ ബയോ മെഡിക്കൽ ഗാലറി, പോപ്പുലർ സയൻസ് ഗാലറി, ഇലക്ട്രിക്കൽ ഗാലറി, മെക്കാനിക്കൽ ഗാലറി എന്നിവ ശാസ്ത്ര പുരോഗതിക്കനുസൃതമായി നവീകരിച്ചിട്ടുണ്ട്. മറ്റ് ഗാലറികൾ നവീകരിക്കുന്നതിനും വിക്രം സാരാഭായി ബഹിരാകാശ കേന്ദ്രവുമായി സഹകരിച്ച് പുതിയ ഒരു സ്പേസ് ഗാലറി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്ലാനറ്റേറിയത്തിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം തന്നെ പൂർത്തിയാക്കുന്നുണ്ട്. കൂടാതെ പ്ലാനറ്റേറിയത്തിന്റെ നവീകരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന് ഉതകുന്ന എന്തെല്ലാം പദ്ധതികൾ മ്യൂസിയത്തിൽ നടപ്പിലാക്കിയിട്ടുണ്ട്; | ബി) കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്താൻ പര്യാപ്തമായ തരത്തിൽ ഗാലറികളും പ്ലാനറ്റേറിയവും സഞ്ചരിക്കുന്ന ശാസ്ത്ര പ്രദർശനവും സജ്ജമാക്കിയിരിക്കുന്നതിനു പുറമേ വിദ്യാർത്ഥികൾക്കായി പ്രവൃത്തി പരിചയത്തിന് പ്രാമുഖ്യം നല്കി എല്ലാ വർഷവും സമ്മർ ക്ലാസുകളും ശാസ്ത്ര സംബന്ധമായ ക്വിസ് മത്സരങ്ങളും സംഘടിപ്പിച്ചു വരുന്നു. |

| | |
|---|---|
| (സി) ശാസ്ത്ര പുരോഗതിയുടെ അത്യാധുനിക മേഖലകളുമായി ജനങ്ങളെ പരിചയപ്പെടുത്തുന്നതിനുതകുന്ന രീതിയിലുള്ള എക്സിബിഷൻ സംഘടിപ്പിക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ; | സി) ജനങ്ങൾക്ക് ശാസ്ത്ര സാങ്കേതിക രംഗങ്ങളിലുള്ള പുരോഗതിയും വികസനങ്ങളും പരിചയപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള ശാസ്ത്ര ഗാലറികളും പ്ലാനറ്റേറിയവും ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ഗ്രാമങ്ങളിലും വിദൂര മേഖലകളിലും ഉള്ള ജനങ്ങളിലും വിദ്യാർത്ഥികളിലും ശാസ്ത്രാഭിരുചി വളർത്താൻ ഉതകുന്ന തരത്തിലുള്ള സഞ്ചരിക്കുന്ന ശാസ്ത്ര പ്രദർശനവും മ്യൂസിയം നേരിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചും നടത്തി വരുന്നു. |
| ഡി) ഇവിടെ ലൈബ്രറി സൗകര്യം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലുമായി സഹകരിച്ച് ശാസ്ത്ര വിജ്ഞാന കേന്ദ്രമെന്ന പേരിൽ മ്യൂസിയത്തിലെ ലൈബ്രറി സൗകര്യം വികസിപ്പിക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ നൂതന ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തി ഈ ലൈബ്രറി കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 558

## 18.07.2007 - ൽ മറുപടിക്ക്

## സഹകരണ വിപണന കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. കെ. ബാബു.<br>ശ്രീ. ജോർജ് മേഴ്സിയർ | | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് എത്ര സഹകരണ വിപണന സംഘങ്ങളുണ്ട്. | എ) | സംസ്ഥാനത്ത് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ(മാർക്കറ്റ്ഫെഡ്), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർ മാർക്ക്) എന്നീ രണ്ട് അപ്പെക്സ് സ്ഥാപനങ്ങൾ ഉൾപ്പെടെ 524 സഹകരണ വിപണന സംഘങ്ങൾ ഉണ്ട്. |
| ബി) | ഇവയ്ക്ക് പ്രവർത്തന മൂലധനത്തിന്റെ അഭാവം അനുഭവപ്പെടുന്നുണ്ടോ; | ബി) | അനുഭവപ്പെടുന്നുണ്ട്. |
| സി) | ഈ സംഘങ്ങളെല്ലാം കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നുണ്ടോ; | സി) | നല്ല രീതിയിൽ പ്രവർത്തിക്കുന്ന 161 വിപണന സംഘങ്ങൾ കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നു. |
| ഡി) | പ്രവർത്തന മൂലധനത്തിന്റെ അഭാവത്തിൽ ഇവയ്ക്ക് കാർഷികോല്പന്നങ്ങൾ സംഭരിക്കാൻ സാധിക്കാതെ വരുന്നുണ്ടോ എന്ന് വിശദമാക്കുമോ? | ഡി) | പ്രവർത്തന മൂലധനത്തിന്റെ അഭാവത്തിൽ ഇവയ്ക്ക് കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:559

18/07/2007-ൽ മറുപടിക്ക്.

## വാഗമണ്ണിലെ അനധികൃത കയ്യേറ്റഭൂമി

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ്:<br>ശ്രീ.എൻ.ശക്തൻ: | ഉത്തരം<br>ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
|---|---|
| (എ) വാഗമണ്ണിലെ അനധികൃത കയ്യേറ്റഭൂമി ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ)ഇടുക്കി ജില്ലയിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ പ്രത്യേക ദൗത്യസേനയെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം ഈ താലൂക്കിൽ തഹസിൽദാരുടെയും, അഡീഷണൽ തഹസിൽദാരുടെയും നേതൃത്വത്തിൽ റവന്യൂ പോലീസ്, പഞ്ചായത്ത്, പി.ഡബ്ല്യു.ഡി. എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ടാസ്ക് ഫോഴ്സുകളെ നിയോഗിച്ചിട്ടുണ്ട്. അഡീഷണൽ ലാൻറ് റവന്യൂ കമ്മീഷണർ, ഡോ.വി.എം.ഗോപാലമേനോൻ, ഐ.എ.എസിൻെറ നേതൃത്വത്തിൽ വാഗമൺ പ്രദേശങ്ങളിൽ അനധികൃത കൈയ്യേറ്റത്തെപ്പറ്റി പഠനം നടത്തുകയും പ്രസ്തുത റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ സർക്കാർ വാഗമൺ പ്രദേശത്തെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 50 അംഗ ദൗത്യസേനയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ദൗത്യസേനയുടെ നടപടി 18/07/07 മുതൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി)ഇതിനായി നിയമിച്ച സ്പെഷ്യൽ ടീമിൻെറ ചുമതല ആർക്കാണ് നൽകിയിരിക്കുന്നത്; | (ബി) ലാൻറ് റവന്യൂ അഡീഷണൽ കമ്മീഷണർ, ഡോ.വി.എം.ഗോപാലമേനോൻ, ഐ.എ.എസ്. |

(സി) ഈ സംഘത്തിലെ മറ്റ് ഉദ്യോഗസ്ഥർ ആരൊക്കെയാണ്;

(സി) ഈ സംഘത്തിലെ മറ്റ് ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീ.ജേക്കബ്ബ്, സീനിയർ സൂപ്രണ്ട്, സി.എൽ.ആർ

2) ശ്രീ.സതീശൻ എസ്, ജൂനിയർ സൂപ്രണ്ട്, താലൂക്ക് ആഫീസ്, ചിറയിൻകീഴ്

3) ശ്രീ.ശശികുമാർ, ജൂനിയർ സൂപ്രണ്ട്, സി.എൽ.ആർ

4) ശ്രീ.ഗോപകുമാർ, വില്ലേജ് ആഫീസർ, കണ്ണൂർ

5) ശ്രീ. സുനിൽകുമാർ,വില്ലേജ് ആഫീസർ, തിരുവനന്തപുരം

6) ശ്രീ.വിനോദ് എസ്., യു.ഡി.ക്ലർക്ക്, സി.എൽ.ആർ

7) ശ്രീ. ചന്ദ്രബാബു, ജൂനിയർ സൂപ്രണ്ട്, സി.എൽ.ആർ

8) ശ്രീ.ശ്രീധരൻ, സീനിയർ സൂപ്രണ്ട്, സി.എൽ.ആർ

9) ശ്രീ.എ.സി.ബാബു, ജൂനിയർ സൂപ്രണ്ട്, സി.എൽ.ആർ

10) ശ്രീ.രാജ് മോഹൻ, ജൂനിയർ സൂപ്രണ്ട്, സി.എൽ.ആർ

11) ശ്രീ.ഉണ്ണികൃഷ്ണൻ, വില്ലേജ് ആഫീസർ, കണ്ണൂർ

12) ശ്രീ.ചന്ദ്രശേഖരൻ, വില്ലേജ് ആഫീസർ, തിരുവനന്തപുരം

13) ശ്രീ.സുരേഷ് ബാബു എസ്., യു.ഡി.ക്ലർക്ക്, സി.എൽ.ആർ

14) ശ്രീ.പി.വി.മോൻസി, സ്പെഷ്യൽ തഹസീൽദാർ, അങ്കമാലി

15) ശ്രീ.രാജചന്ദ്രൻ, ഡെപ്യൂട്ടി തഹസീൽദാർ, കെ.എസ്.എഫ്.ഇ., കൊല്ലം

16) ശ്രീ.സുധാകരൻ, ഡെപ്യൂട്ടി തഹസീൽദാർ, കൊട്ടാരക്കര.

17) ശ്രീ.ദിലീപ് കുമാർ, വില്ലേജ് ആഫീസർ, ആലപ്പുഴ.

18) ശ്രീ. പീറ്റർ ഡിസിൽവ, വില്ലേജ് ആഫീസർ, ആലപ്പുഴ.

19) ശ്രീ.വിനോദ്.കെ., യു.ഡി.ക്ലർക്ക്, എറണാകുളം

20) ശ്രീ.മധുസൂദനൻ, സീനിയർ സൂപ്രണ്ട്,

സി.എൽ.ആർ
21) ശ്രീ.എം.മോഹനൻ, ജൂനിയർ സൂപ്രണ്ട്, സി.എൽ.ആർ
22) ശ്രീ.നൗഷർബാൻ, ജൂനിയർ സൂപ്രണ്ട്, സി.എൽ.ആർ
23) ശ്രീ.ആൻറണി സ്കറിയ, വില്ലേജ് ആഫീസർ, ആലപ്പുഴ.
24) ശ്രീ. ജി.പ്രേംചന്ദ്, വില്ലേജ് ആഫീസർ, ആലപ്പുഴ.
25) ശ്രീ. വിപിൻ മോഹൻ, യു.ഡി.സി., ലാൻറ് ബോർഡ്
26) ശ്രീ.കെ.കെ.ബിജുമോൻ, ഫസ്റ്റ് ഗ്രേഡ് സർവെയർ, സർവെ സൂപ്രണ്ടാഫീസ്, തൃപ്പൂണിത്തുറ.
27) ശ്രീ.മുഹമ്മദ് ഷാജി, ഫസ്റ്റ് ഗ്രേഡ് സർവെയർ, സർവെ സൂപ്രണ്ടാഫീസ്, തൃപ്പൂണിത്തുറ.
28) ശ്രീ.ജി.മോഹൻ, ഫസ്റ്റ് ഗ്രേഡ് സർവെയർ, സർവെ സൂപ്രണ്ടാഫീസ്, തൃപ്പൂണിത്തുറ.
29) ശ്രീ.റ്റി.പി.ബൈജു, ഫസ്റ്റ് ഗ്രേഡ് സർവെയർ, സർവെ സൂപ്രണ്ടാഫീസ്, തൃപ്പൂണിത്തുറ.
30) ശ്രീ.കെ.ചൈതന്യൻ, സെക്കൻറ് ഗ്രേഡ് സർവെയർ, സർവെ സൂപ്രണ്ടാഫീസ്, പുനലൂർ.
31) ശ്രീ.എസ്.മുരളി, സെക്കൻറ് ഗ്രേഡ് സർവെയർ, സർവെ സൂപ്രണ്ടാഫീസ്, പുനലൂർ.
32) ശ്രീ.ബാലചന്ദ്രബാബു, സെക്കൻറ് ഗ്രേഡ് സർവെയർ, സർവെ സൂപ്രണ്ടാഫീസ്, പുനലൂർ.
33) ശ്രീ.കൃഷ്ണകുമാർ, സെക്കൻറ് ഗ്രേഡ് സർവെയർ, സർവെ സൂപ്രണ്ടാഫീസ്, കരുനാഗപ്പള്ളി.
34) ശ്രീ.എസ്.മഹേശ്വരൻ, സെക്കൻറ് ഗ്രേഡ് സർവെയർ, സർവെ സൂപ്രണ്ടാഫീസ്, കരുനാഗപ്പള്ളി.
35) ശ്രീ.ആർ.ജയകുമാർ, സെക്കൻറ് ഗ്രേഡ് സർവെയർ, സർവെ സൂപ്രണ്ടാഫീസ്, കരുനാഗപ്പള്ളി.
36) ശ്രീ.ക്രിസ്തുദാസ്, സെക്കൻറ് ഗ്രേഡ് സർവെയർ, സർവെ സൂപ്രണ്ടാഫീസ്,

കരുനാഗപ്പള്ളി.
37) ശ്രീ.വി.ആർ.മനോജ്‌ലാൽ, സെക്കന്റ് ഗ്രേഡ് സർവെയർ, സർവെ സൂപ്രണ്ടാഫീസ്, കരുനാഗപ്പള്ളി.

<u>പീരുമേട് താലൂക്ക്</u>

38) ശ്രീ.ബി.ശശികുമാർ, ജൂനിയർ സൂപ്രണ്ട്, പീരുമേട് താലൂക്ക്
39) ശ്രീ.പത്മചന്ദ്രക്കുറുപ്പ്, വില്ലേജ് ആഫീസർ
40) ശ്രീ.സജീഷ്, വില്ലേജ്മാൻ
41) ശ്രീ.പത്മകുമാർ, സി.എഫ്.ഒ.
42) ശ്രീ.രാജേഷ് ജോസഫ്, വില്ലേജ് ആഫീസർ
43) ശ്രീ.ടി.വി.ഉമ്മൻ, ഡെപ്യൂട്ടി തഹസീൽദാർ, ഹെഡ് ക്വാർട്ടേഴ്സ്
44) ശ്രീ.എം.വേണുഗോപാൽ, ഡെപ്യൂട്ടി തഹസീൽദാർ, ഹെഡ് ക്വാർട്ടേഴ്സ്
45) ശ്രീ.കെ.ശ്രീകുമാർ, ഫസ്റ്റ് ഗ്രേഡ് സർവെയർ
46) ശ്രീ. ബി.വിജയകുമാർ, യു.ഡി.സി.
47) ശ്രീ.ജി.രാധാകൃഷ്ണൻ, യു.ഡി.സി.
48) ശ്രീ. ജേക്കബ്ബ് കുര്യൻ, എൽ.ഡി.സി.
49) ശ്രീ.പി.എം.ഷംസുദ്ദീൻ, എൽ.ഡി.സി.
50) ശ്രീ.പയസ് ജോൺ, ഡി.എഫ്.ഒ.
51) ശ്രീ.എം.തോമസ്. ഡി.എഫ്.ഒ.
52) ശ്രീ.ടി.എൻ.കരുണൻ, വില്ലേജ്മാൻ
53) ശ്രീ.കെ.എസ്.അനിൽകുമാർ, എൽ.ഡി.സി.
54) ശ്രീ.വി.കെ.വിജയൻ, വില്ലേജ്മാൻ
55) ശ്രീ.ദീപുരാജ്, വില്ലേജ്മാൻ

| | |
|---|---|
| (ഡി)ഇവിടെ എത്ര സ്ഥലമാണ് കയ്യേറ്റഭൂമിയായി കണ്ടെത്തിയിട്ടുള്ളത്; | (ഡി) കയ്യേറ്റ ഭൂമിയുടെ വിസ്തീർണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള സർവ്വെ നടപടികൾ നടന്നു വരുന്നു. |
| (ഇ)ഈ സ്ഥലം ഒഴിപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) 2 മാസത്തിനകം നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 560

## 18.07.2007 - ൽ മറുപടിയ്ക്ക്

## കാർഷിക മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. എം.കെ.പുരുഷോത്തമൻ:<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീമതി. കെ.എസ്.സലീഖ:<br>ശ്രീ. കെ.ടി.ജലീൽ : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം കാർഷിക മേഖലയിൽ സഹകരണ വകുപ്പ് നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ; | (എ) 1) ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ സഹകരണ കാർഷിക വായ്പാ മേഖലയിലെ കർഷകരുടെ പ്രശ്നങ്ങളും ആത്മഹത്യ ചെയ്ത കർഷകരെ സംബന്ധിച്ച പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന് 19-6-2006-ൽ ഒരു സഹകരണ വകുപ്പ് യോഗം വിളിച്ചുചേർക്കുകയും ബഹു. സഹകരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷത വഹിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും ബഹു. ധനകാര്യ വകുപ്പ് മന്ത്രി, റവന്യൂ വകുപ്പ് മന്ത്രി, കൃഷി വകുപ്പ് മന്ത്രി എന്നിവർ പങ്കെടുക്കുകയും ചെയ്തു. ഈ യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ജപ്തി നടപടികൾ നിർത്തി വയ്ക്കുവാനും, കാർഷിക വായ്പയെടുത്ത് മരണമടഞ്ഞവരുടെ 5 ലക്ഷം രൂപ ,വരെയുള്ള കാർഷിക വായ്പകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക്/സഹകരണ കാർഷിക വികസന ബാങ്ക്, സംസ്ഥാന |

സർക്കാർ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി എഴുതിത്തള്ളാൻ തീരുമാനിക്കുകയുണ്ടായെങ്കിലും സർക്കാർ 2 ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിനും, ആയതിൽതന്നെ 1 ലക്ഷം രൂപവരെയുള്ള തുകകൾ , അതാത് സംഘങ്ങൾ തന്നെ വഹിക്കേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കാർഷിക കടക്കെണി മൂലം ആത്മഹത്യചെയ്ത കർഷകരുടെ 550 വായ്പകളിലായി 1.87 കോടി രൂപയുടെ കാർഷിക കടം എഴുതിത്തള്ളുകയുണ്ടായി. അതിൽ സർക്കാർ ബാദ്ധ്യത 32 ലക്ഷവും ബാങ്ക്/സംഘം ബാദ്ധ്യത 1.55 കോടിയും ആണ്.

2) കാസറഗോഡ്, വയനാട്, പാലക്കാട് ജില്ലകൾക്കുള്ള പ്രത്യേക പാക്കേജിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ പ്രൊപ്പോസൽ സമർപ്പിക്കുകയും 1-7-2006 -ൽ കുടിശ്ശികയായി നിൽക്കുന്ന കാർഷിക വായ്പകൾക്ക് പലിശ ബാദ്ധ്യത കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കുവാനും ആയതിന്റെ അടിസ്ഥാനത്തിൽ 112.37/- കോടി രൂപയുടെ പലിശ എഴുതിത്തള്ളുകയും ടി വായ്പമുതലുകൾ മൂന്നു മുതൽ 5 വർഷം വരെ കാലാവധിയുള്ള പുതിയ വായ്പകളായി പരിവർത്തനം ചെയ്തു നൽകുവാനും, ആദ്യ ഒരു വർഷം മൊറട്ടോറിയം അനുവദിച്ച് നൽകുന്നതിനും ഉത്തരവ് പുറപ്പെടുവിക്കാനും ആയത് പ്രകാരം 26.34 കോടി രൂപയുടെ വായ്പ പരിവർത്തനം ചെയ്തു നൽകുകയും ചെയ്തിരുന്നു.

3) സംസ്ഥാനത്ത് കുറഞ്ഞ നിരക്കിൽ സഹകരണ ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വായ്പ നൽകിയതിന് നൽകിയ തുകയുടെ 2 ശതമാനം പലിശ സബ്‌വെൻഷനായി 9.33 കോടി രൂപ

നബാർഡ് മുഖേന ബാങ്കുകൾക്ക് നൽകി.

| | | |
|---|---|---|
| ബി) | പലിശനിരക്കിൽ എന്തെല്ലാം ഇളവുകളാണ് നൽകിയത്; | (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നബാർഡിന്റെ പുനർവായ്പാ പദ്ധതിയിൽ സഹകരണ ബാങ്ക് മുഖേനയുള്ള ഹ്രസ്വകാല കാർഷിക വായ്പ പലിശ നിരക്കുകൾ 25,000/- രൂപ വരെ 8.5%, 25.000/- രൂപയ്ക്ക് മുകളിൽ 9% ആയിരുന്നു പലിശ നിരക്ക്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സഹകരണ ബാങ്ക് മുഖേനയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് വയനാട്, കാസറഗോഡ്, പാലക്കാട്, കോട്ടയം, എറണാകുളം ജില്ലയൊഴികെയുള്ള മറ്റെല്ലാ ജില്ലകളിലെയും ഒരു ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾക്ക് 5.50%-വും, ഒരു ലക്ഷത്തിന് മുകളിൽ 3 ലക്ഷം വരെ 6%-വും ആണ് നിരക്കുകൾ. വയനാട്, പാലക്കാട്, കാസറഗോഡ്, എറണാകുളം, കോട്ടയം ജില്ലകളിൽ 50,000/- രൂപവരെ 5.50 ശതമാനവും 50.001 രൂപ മുതൽ ഒരു ലക്ഷം വരെ 6%-വും ഒരു ലക്ഷത്തിന് മുകളിൽ 3 ലക്ഷം രൂപവരെ 7 ശതമാനവുമാണ് നിരക്കുകൾ. ഹ്രസ്വകാല വായ്പകൾക്ക് എല്ലാ ജില്ലകളിലും 50.000/- രൂപവരെ 3 ശതമാനവും കുറവും, 50,001 രൂപ മുതൽ ഒരു ലക്ഷം വരെ വയനാട്, കാസറഗോഡ്, പാലക്കാട്, എറണാകുളം, കോട്ടയം ജില്ലയൊഴികെയുള്ള മറ്റ് ജില്ലകളിൽ 3 1/2 ശതമാനം കുറവും ടി ജില്ലകളിൽ അത് 3 ശതമാനവും, ഒരു ലക്ഷത്തിന് മുകളിൽ 3 ലക്ഷം രൂപവരെ 2 മുതൽ മൂന്ന് വരെയാണ് സർക്കാർ കുറവ് വരുത്തിയിട്ടുള്ളത്. നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനും നെൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സഹകരണ സംഘങ്ങൾ നെൽക്കൃഷിക്ക് നൽകുന്ന വായ്പകൾക്ക് ചുവടെ പരാമർശിക്കുന്ന കുറഞ്ഞ |

പലിശനിരക്ക് നിശ്ചയിച്ച് 15.6.2007 മുതൽ പ്രാബല്യം നൽകി ഉത്തരവ് നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 10,000/- രൂപ വരെ | - | 4 ശതമാനം |
| 10.001-15.000 രൂപ വരെ | - | 4.5 ശതമാനം |
| 15.001-20,000/- രൂപ വരെ | - | 5 ശതമാനം |
| 20,001-25,000/- രൂപ വരെ | - | 5 1/2 ശതമാനം |

കൂടാതെ പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, എല്ലാ വീട്ടുമുറ്റത്തും പച്ചക്കറിക്കൃഷി എന്ന ലക്ഷ്യത്തോടെ ഒരേക്കർ ഭൂമിയിൽ പച്ചക്കറിക്കൃഷി ചെയ്യുന്നതിന് പരമാവധി 5000/- രൂപവരെയും 4 ശതമാനം പലിശനിരക്കിൽ അനുവദിച്ചിട്ടുണ്ട്.

ഇതിന് പുറമെ 2006-07-ൽ യഥാസമയം വായ്പ തിരിച്ചടച്ചിട്ടുള്ള കർഷകർക്ക് 5% ആനുകൂല്യം നൽകുന്ന പദ്ധതി പ്രകാരം 7 കോടി രൂപ എല്ലാ ജില്ലകളിലുമായി കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 117.01 കോടിയുടെ പലിശയിളവ് അംഗങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കാർഷിക കടാശ്വാസ പദ്ധതി പ്രകാരം പലിശയിളവ് ഇനത്തിൽ 107 കോടി രൂപ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) കാർഷിക കടങ്ങൾ കാർഷികാവശ്യങ്ങൾക്ക് തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

കാർഷിക വായ്പകൾ കൃഷി ആവശ്യത്തിന് തന്നെയാണ് വിനിയോഗിക്കുന്നതെന്ന് ബന്ധപ്പെട്ട സംഘം/ബാങ്ക് സെക്രട്ടറി, സംഘത്തിന്റെ ചുമതലയുള്ള സഹകരണ സംഘം യൂണിറ്റ് ഇൻസ്പെക്ടർ അല്ലെങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന

——— ——— ———

ഇൻസ്പെക്ടർ, ജില്ലാ ബാങ്ക് ഇൻസ്പെക്ടർ എന്നിവർ കൂട്ടായി പരിശോധിച്ച് വിനിയോഗം ഉറപ്പുവരുത്തു വാൻ നിർദ്ദേശിച്ചിട്ടുണ്ട്.

കാർഷിക വായ്പകൾ ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തു ന്നതിനായി പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളടങ്ങിയ അവലോകന കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.561 — 18.7.2007ൽ മറുപടിയ്ക്ക്

റിവർ മാനേജ്മെന്റ് വിദഗ്ധ കമ്മിറ്റികൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം,<br>ശ്രീ.എം.ജെ.ജേക്കബ്,<br>ശ്രീ.വി.ജെ.തങ്കപ്പൻ,<br>ശ്രീ.എ.എം.യൂസഫ്,<br>ശ്രീ.വി.എൻ.വാസവൻ. | ഉത്തരം<br>ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
|---|---|
| (എ) എല്ലാ ജില്ലകളിലെയും റിവർ മാനേജ്മെന്റ് വിദഗ്ധ കമ്മിറ്റികൾ പുന:സംഘടിപ്പിച്ചിട്ടുണ്ടോ ; | (എ). ഉണ്ട്. |
| (ബി) നദീതീര സംരക്ഷണത്തിനായി ഈ കമ്മിറ്റികൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി) 2002ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിൽ, ചട്ടം 8 പ്രകാരം ജില്ലാ വിദഗ്ധസമിതികൾക്ക് നൽകിയിട്ടുള്ള അധികാരങ്ങളും കർത്തവ്യങ്ങളും അനുസരിച്ചുള്ള നടപടികളാണ് ഈ കമ്മിറ്റികൾ സ്വീകരിച്ചു പോരുന്നത്. |
| (സി) ത്രിതല പഞ്ചായത്തുകളും ജലവിഭവ വകുപ്പുമായി കൂടിയാലോചിച്ച് പദ്ധതി ആസൂത്രണം ചെയ്യാൻ നിർദ്ദേശം നൽകുമോ ;<br>(ഡി) പദ്ധതിയുടെ നടത്തിപ്പിനായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ? | (സി)യും (ഡി)യും<br>ത്രിതല പഞ്ചായത്തുകളും ജലവിഭവ വകുപ്പുമായി കൂടിയാലോചിച്ച് പദ്ധതി ആസൂത്രണം ചെയ്യുന്നത് സംബന്ധിച്ച് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ലാത്തതാണ്. റിവർ മാനേജ്മെന്റ് ഫണ്ടിൻ കീഴിൽ അനുവദിച്ചിട്ടുള്ള തുക വിവരവും മറ്റും താഴെ വിശദീകരിക്കുന്നു.<br>1. 31.3.2006വരെ വിവിധ ജില്ലകളിലായി ആകെ ലഭിച്ച തുക - 72,73,79,280/- രൂപ<br>2. പദ്ധതികൾക്കും മറ്റിനങ്ങൾക്കുമായി ചെലവഴിച്ച തുക - 5,64,22,356/- രൂപ<br>3. ഈ ഇനത്തിൽ ബാക്കിയുള്ള തുക - 67,09,56,924/- രൂപ |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. T.562 — 18.7.2007 -ന് മറുപടിക്ക്

## പ്രകൃതിദുരന്ത നഷ്ടപരിഹാരത്തിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ മാനദണ്ഡം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.എസ്.സുനിൽകുമാർ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ.എൻ.രാജൻ | ........ | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) പ്രകൃതി ദുരന്ത നഷ്ടപരിഹാരത്തിന് കേന്ദ്ര ഗവൺമെന്റ് ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഉൾപ്പെടാത്ത കാർഷിക വിളകളും കെട്ടിടങ്ങളും ഏതെല്ലാമാണ്;<br><br>(ബി) ഇത്തരത്തിലുള്ളവയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്; | (എ) & (ബി) | ഉണ്ട്. കേന്ദ്ര ധനകാര്യകമ്മീഷൻ കാലാകാലങ്ങളിൽ നൽകുന്ന ശുപാർശകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ആണ് പ്രകൃതിദുരന്ത നഷ്ടപരിഹാരം നൽകിവരുന്നത്. ഇങ്ങനെ നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പാസാക്കിയിട്ടുള്ള 2/4/02 ലെ സ.ഉ.(എം.എസ്) നമ്പർ 65/02/ആർ.ഡി പ്രകാരമാണ് പ്രകൃതിദുരന്തങ്ങൾക്ക് ഇരയായവർക്ക് നഷ്ടപരിഹാരത്തുക ഇപ്പോൾ നൽകി വരുന്നത്. കേന്ദ്രഗവൺമെന്റിന്റെ മാനദണ്ഡപ്രകാരം ദീർഘകാല വിളകൾ, ഹ്രസ്വകാലവിളകൾ എന്നിങ്ങനെയാണ് വിളകളെ നിശ്ചയിച്ചിട്ടുള്ളത്. കേരളത്തിൽ കൃഷി ചെയ്തുവരുന്ന മിക്കവാറും എല്ലാ കാർഷികവിളകളും ഇതിൽപ്പെടുന്നു. 19/7/94 ലെ സ.ഉ.(എം.എസ്) നമ്പർ.203/94/കൃഷി 4/5/99 ലെ സ.ഉ.(എം.എസ്) നമ്പർ.129/99/കൃഷി |

എന്നീ ഉത്തരവുകൾ പ്രകാരമാണ് കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരത്തുക നൽകി വരുന്നത്. കാർഷിക വിളകൾ, പ്രകൃതി ദുരന്തത്തിൽ തകർന്ന വാസഗൃഹങ്ങൾ, കാലിത്തൊഴുത്ത്, കിണർ, എന്നിവയ്ക്ക് മാനദണ്ഡപ്രകാരം ധനസഹായം നൽകുന്നുണ്ട്. എന്നാൽ വാനില, നേന്ത്രൻ, ഇതര വാഴയിനങ്ങൾ, മാവ്, പ്ലാവ്,മറ്റ് ചെറുപഴവർഗ്ഗങ്ങൾ, പുഷ്പകൃഷി എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്നില്ല.

(സി) പട്ടയം ഇല്ലാത്ത ഭൂമിയിലെ കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാറുണ്ടോ;

(സി) പട്ടയം ഇല്ലാത്ത സ്ഥലത്തെ കൃഷിനാശത്തിന് പൊതുവെ നഷ്ടപരിഹാരം നൽകാറില്ല. എന്നാൽ ചില സാഹചര്യങ്ങളിൽ പ്രത്യേക കേസായി പരിഗണിച്ച് നഷ്ടം തിട്ടപ്പെടുത്തി നിലവിലുള്ള സർക്കാർ മാനദണ്ഡമനുസരിച്ച് ധനസഹായം നൽകാറുണ്ട്.

(ഡി) പൊതു കെട്ടിടങ്ങൾക്ക് നാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(ഡി) പൊതുകെട്ടിടങ്ങൾക്കും പൊതു ആസ്തികൾക്കും നാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിന് CRF ന്റെ നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് വ്യവസ്ഥയുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിച്ചാൽ പ്രത്യേക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിയന്തിരഘട്ടങ്ങളിൽ നിർമ്മാണ പ്രവർത്തനം നടത്താൻ നടപടി സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 563 — 18.7.2007-ൽ മറുപടിക്ക്

" സൗജന്യ പാഠപുസ്തക വിതരണം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. എം. എ. ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) സർക്കാർ വിദ്യാലയങ്ങളിൽ എസ്. സി. ഇ. ആർ. ടി. സിലബസ് പ്രകാരം പഠിക്കുന്ന ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായി പാഠപുസ്തകം നൽകുന്നുണ്ട്; | എ) സർക്കാർ വിദ്യാലയങ്ങളിലും സർക്കാർ എയിഡഡ് വിദ്യാലയങ്ങളിലും പഠിക്കുന്ന ഒന്നാം സ്റ്റാൻഡേർഡിലെ എല്ലാ വിദ്യാർത്ഥികൾക്കും ഒരു പൊതു നയമെന്ന നിലയിൽ സൗജന്യമായി പാഠപുസ്തകങ്ങൾ നല്കുന്നുണ്ട്. കൂടാതെ സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം സർക്കാർ/സർക്കാർ എയിഡഡ് വിദ്യാലയങ്ങളിലെ 2 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപെടുന്ന ആൺകുട്ടികൾക്കും സൗജന്യമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നുണ്ട്. |
| ബി) സർക്കാർ വിദ്യാലയങ്ങളിലെ എൻ. സി. ഇ. ആർ. ടി. സിലബസ് പ്രകാരം പഠിക്കുന്ന ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികൾക്ക് സൗജന്യമായി പുസ്തകം ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;<br>സി) ഇവർക്ക് കൂടി സൗജന്യമായി പാഠപുസ്തകം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) & സി) ഇല്ല. നിലവിൽ എൻ. സി. ഇ. ആർ. ടി. സിലബസ് പ്രകാരം പഠിക്കുന്ന കുട്ടികൾ സർക്കാർ സ്കൂളിലില്ല. അതിനാൽ ഈ വിഭാഗം കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം വിതരണം ചെയ്യേണ്ട പ്രശ്നം ഉത്ഭവിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.564 — 18.07.2007-ൽ മറുപടിയ്ക്ക്

## ബധിര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി. രാമൻ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. എം.എ. ബേബി,<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| എ) ബധിരരായ പ്ലസ് ടു, കോളേജ് വിദ്യാർത്ഥികൾക്ക് നിലവിൽ സ്കോളർഷിപ്പ് ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്; എന്നാൽ 50,000/-രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ളവർക്ക് സൗജന്യ ഹോസ്റ്റൽ താമസവും ഭക്ഷണവും അനുവദിക്കുന്നുണ്ട്. |
| ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) യും സി) യും<br>ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| സി) ഈ ആനുകൂല്യം എന്ന് മുതൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ; | |
| ഡി) അന്ധരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിന് ഇന്ന് നിലവിലുള്ള വരുമാന പരിധി ഒഴിവാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ? | ഡി) അന്ധരായ വിദ്യാർത്ഥികൾക്ക് നിലവിൽ സ്കോളർഷിപ്പ് ഇല്ല. 25,000/- രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് ഫീസ് സൗജന്യവും സൗജന്യ ഹോസ്റ്റൽ താമസവും ഭക്ഷണവും അനുവദിക്കുന്നു. 25,001/- രൂപ മുതൽ 50,000/- രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് സൗജന്യ ഹോസ്റ്റൽ താമസവും ഭക്ഷണവും അനുവദിക്കുന്നു. കൂടാതെ ഹോസ്റ്റലിൽ താമസിക്കാത്ത അന്ധ വിദ്യാർത്ഥികൾക്ക് മാസം 400/- രൂപ വീതം ബോർഡിംഗ് ഗ്രാന്റായി അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

(അഞ്ചാം സമ്മേളനം)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 565. 18/07/2007-ൽ മറുപടിക്ക്

## അട്ടപ്പാടി മേഖലയിലെ കിണ്ണക്കരയിൽ ഭൂമി കയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. കെ. രാജു. | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
| (എ) കേരള-തമിഴ്നാട് അതിർത്തിയായ അട്ടപ്പാടി മേഖലയിലെ കിണ്ണക്കരയിൽ ഭൂമി കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിൽ എത്ര ഏക്കർ ഭൂമിയാണ് തമിഴ്നാട് കയ്യേറിയിട്ടുള്ളത് ; | (ബി) കയ്യേറ്റം നടന്നതായ സ്ഥലങ്ങളിൽ റീസർവ്വേ നടത്തുകയോ അതിർത്തി നിർണ്ണയിക്കുന്നതിന് കല്ലുകൾ സ്ഥാപിക്കുകയോ ചെയ്യാത്തതിനാൽ റവന്യൂ ഭൂമിയിൽ നടന്നിട്ടുള്ള കയ്യേറ്റങ്ങളെക്കുറിച്ച് വ്യക്തമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. ഇവയെല്ലാം വളരെ കാലപ്പഴക്കമുള്ള കയ്യേറ്റങ്ങളാണ്. കേരള-തമിഴ്നാട് അന്തർസംസ്ഥാന അതിർത്തി സംയുക്തമായി പുനർ നിർണ്ണയം ചെയ്താൽ മാത്രമേ കയ്യേറ്റത്തിന്റെ കൃത്യമായ കണക്ക് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |
| (സി) ഈ ഭൂമി തിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | സി) സർവ്വേ ഡയറക്ടറുടെയും സർവ്വേ ഓഫ് ഇന്ത്യയുടെയും ഭൂപടത്തെ ആധാരമാക്കി കേരള-തമിഴ്നാട് സംസ്ഥാനങ്ങളിലെ റവന്യൂ-വനം ഉദ്യോഗസ്ഥർ ചേർന്ന് അതിർത്തി പുനർനിർണ്ണയം നടത്തുന്നതിന് തീരുമാനിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:566 18.07.2007-ൽ മറുപടിയ്ക്ക്

**സ്കൂൾ അസംബ്ലികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ടി.അഹമ്മദ് അലി | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും<br>വകുപ്പുമന്ത്രി |
| എ) സ്കൂൾ അസംബ്ലിയിൽ കുട്ടികളെ വളരെ നേരം വെയിലത്ത് നിർത്തുന്നതിനെതിരെ പരാതികൾ ഉയർന്നുവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) ഉണ്ട്. പൊരിവെയിലത്തുള്ള അസംബ്ലിക്കെതിരെ കോഴിക്കോട് സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷൻ മേധാവി ഡോ. നസീമ മനുഷ്യാവകാശ കമ്മീഷന് പരാതി സമർപ്പിച്ചിട്ടുണ്ട്. |
| ബി) നിലവിലുള്ള സ്കൂൾ അസംബ്ലി കുട്ടികൾക്ക് വളരെ പ്രയാസം സൃഷ്ടിക്കുന്നതിനാൽ സ്കൂൾ അസംബ്ലി നടത്തുന്നതിൽ മാറ്റം വരുത്താൻ തയ്യാറാകുമോ; എങ്കിൽ എന്ത് മാറ്റമാണ് വരുത്താൻ ഉദ്ദേശിക്കുന്നത്? | ബി) സ്കൂൾ അസംബ്ലി മരത്തണലിലോ , മേൽക്കൂരയ്ക്ക് കീഴിലോ 15 മിനിറ്റിൽ കൂടാത്ത തരത്തിൽ നടത്തുന്നതിനായി നിർദ്ദേശം നൽകുന്ന താണ്. |

സെക്ഷൻ ഓഫീസർ

---

## പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ- 567 18.07.2007-ൽ മറുപടിയ്ക്ക്

### സ്വാശ്രയ മാനേജ്മെന്റ്-സർക്കാർ ധാരണ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി. | ശ്രീ. എം. എ. ബേബി, |
| ശ്രീ.ബി. രാഘവൻ | വിദ്യാഭ്യാസവും സാംസ്കാരികകാര്യവും |
| ശ്രീ. ടി. പി. കുഞ്ഞുണ്ണി | വകുപ്പ് മന്ത്രി |
| ശ്രീ. എം. എം. മോനായി | |
| ശ്രീ.അൽഫോൺസ് കണ്ണന്താനം | |

| | | | |
|---|---|---|---|
| എ | പ്രൊഫഷണൽ കോളേജുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കുന്ന കാര്യത്തിൽ കോടതി വിധികളുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന അവസ്ഥ എന്തായിരുന്നു; | എ | സ്വാശ്രയ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റുകൾക്ക് സ്വന്തം നിലയിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാമെന്നായിരുന്നു കോടതി വിധികളുടെ അന്തഃസത്ത. തൽഫലമായി സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സർക്കാർ വിഹിതം സീറ്റുകൾ ലഭ്യമല്ലാതായി തീർന്നു. |
| ബി. | ഇതുമൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനായി സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ നടത്തിയ സമവായ ചർച്ചകളെത്തുടർന്ന് 2007 ജൂലൈ മാസം എത്തിച്ചേർന്ന ധാരണ എന്താണെന്ന് വ്യക്തമാക്കുമോ; | ബി | സർക്കാരുമായി കരാർ ഒപ്പുവച്ച സ്വകാര്യ പ്രൊഫഷണൽ കോളേജ് സ്ഥാപനങ്ങളിലെ 50% സീറ്റുകളിൽ പ്രവേശന പരീക്ഷ കമ്മീഷണർ തയ്യാറാക്കിയ ലിസ്റ്റു പ്രകാരം മെരിറ്റും, മെരിറ്റ്-കം-മീൻസ് അടിസ്ഥാനത്തിലും സർക്കാർ കാലാകാലങ്ങളിൽ പിന്തുടരുന്ന സംവരണ തത്വങ്ങളുടെ അടിസ്ഥാനത്തിലും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് ധാരണയായി. |
| സി. | ഏതെല്ലാം മാനേജുമെന്റുകളുമായാണ് ഒത്തുതീർപ്പുണ്ടായത്; | സി | അനുബന്ധം (എ) യിൽ ചേർത്തിട്ടുണ്ട്. |
| ഡി | ഏതെല്ലാം മാനേജുമെന്റുകളാണ് സർക്കാരിന്റെ നിർദ്ദേശങ്ങളോട് | ഡി | 1. അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, തൃശ്ശൂർ. |

| | | | |
|---|---|---|---|
| | യോഗ്യരായവരാണോ; മുൻ വർഷത്തെ അപേക്ഷിച്ച് വിവിധ വിഭാഗം സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കുണ്ടാകുന്ന നേട്ടം എന്തെന്നു വ്യക്തമാക്കുമോ? | | 2. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് സെന്റർ തൃശൂർ.<br>3. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്, കോലഞ്ചേരി.<br>4. പുഷ്പഗിരി ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, തിരുവല്ല.<br>5.. ആൾ കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള 10 എഞ്ചിനീയറിംഗ് കോളേജുകൾ<br>മുൻ വർഷങ്ങളെ അപേക്ഷിച്ച് സർക്കാരുമായി ധാരണയിലെത്തിയിട്ടുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സർക്കാർ ക്വാട്ടയായ 50% സീറ്റുകളിൽ നിയമാനുസൃതമായ സംവരണം കഴിച്ച് ബാക്കി സീറ്റുകളിൽ നിശ്ചിത ശതമാനം സീറ്റുകളിൽ സംവരണാനുകൂല്യം ഇല്ലാത്ത വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ വാർഷിക കുടുംബ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാറ്റിവെച്ചിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ എഞ്ചിനീയറിംഗിന് നൽകേണ്ടിയിരുന്ന 38,700/- രൂപയുടെ സ്ഥാനത്ത് 2007-വർഷം സർക്കാരുമായി കരാറിലേർപ്പെട്ടിട്ടുള്ള കോളേജുകളിൽ വാർഷിക ഫീസായി 15,450/- രൂപ നൽകിയാൽ മതിയാകും. കൂടാതെ 1.5 ലക്ഷത്തിന്റെ പലിശയില്ലാ നിക്ഷേപവും നൽകേണ്ടതുണ്ട്. ഈ തുക കോഴ്സ് പൂർത്തിയാകുമ്പോൾ വിദ്യാർത്ഥിക്ക് മടക്കി നൽകും. |

സെക്ഷൻ ഓഫീസർ

# Annexure-A

1. K. N. Pai Heart Foundation, Thiruvananthapuram,
2. Muslim Educational Society.
3. Medical Mission of the South Kerala Diocese of the Church of South India United Church..
4. Safe Development AIIMS Trust Palakkad.
5. Prestige Educational Trust, Ancharakandy, Kannoor.
6. Academy of Medical Sciences, Pariyaram.
7. All Kerala Self Financing Dental College Management Consortium.
8. Kerala Self Financing Engg. College Management Association.
9. Kerala State Indian Systems of Self Financing College Management Association.
10. Sree Gokulam Medical College, Venjrammoodu.
11. Mannam Super Mills Co-Operative Society Ltd. Pandalam..
12. KIMS Health Care Management Ltd Thiruvananthapuram.
13. National Development Trust, Nedumangad.

S.O

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:568 18.07.2007-ൽ മറുപടിയ്ക്ക്

## എസ്.എസ്.എൽ.സി പരീക്ഷാ സർട്ടിഫിക്കറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.അച്ചുതൻ<br>പ്രൊഫ.കെ.വി.തോമസ്<br>ശ്രീ.എൻ.ശക്തൻ<br>ശ്രീ.കെ.സി. വേണുഗോപാൽ | | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും<br>വകുപ്പുമന്ത്രി | |
| എ) | ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷാ സർട്ടിഫിക്കറ്റിൽ മാർക്ക് രേഖപ്പെടുത്തിയതിലെ പിശകു മൂലം പല സർട്ടിഫിക്കറ്റുകളും തിരികെ വാങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | ഈ വർഷത്തെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ മാർക്ക് രേഖപ്പെടുത്തിയതിൽ വ്യാപകമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുണ്ടോ; | ബി) | വ്യാപകമായ ക്രമക്കേടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | എങ്കിൽ ഇപ്രകാരം സംഭവിച്ചതിന് കാരണക്കാർ ആരൊക്കെയാണ്; അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | സി) | എസ്.എസ്.എൽ.സി പരീക്ഷാഫലത്തിന് അവസാനരൂപം കൊടുത്ത് തയ്യാറാക്കുന്നത് നാഷണൽ ഇൻഫോർമേറ്റിക് സെന്റർ ആണ്. ഇപ്രകാരം സംഭവിച്ചതിന് കാരണക്കാരായവരുടെമേൽ നടപടികൾ സ്വീകരിക്കുവാൻ NIC അധികാരികളോടും പരീക്ഷാഭവനിലെ ബന്ധപ്പെട്ടവരോടുംആവശ്യപ്പെടുന്നതാണ്. |

— — —

| | | | |
|---|---|---|---|
| ഡി) | എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകളും ഇപ്രകാരം തിരികെ വാങ്ങിയിട്ടുണ്ടോ; | ഡി) | കമ്പ്യൂട്ടർ സോഫ്റ്റ് വെയറിലെ പിശകു മൂലം തെറ്റായി ഗ്രേസ് മാർക്ക് ചേർത്ത് എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള എല്ലാവരുടെയും സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങി പിശകുകൾ പരിഹരിച്ച് പുതിയ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഇ) | ഏതൊക്കെ വിദ്യാഭ്യാസ ജില്ലകളിൽ, എത്ര വീതം സർട്ടിഫിക്കറ്റുകൾ ഇപ്രകാരം തിരികെ വാങ്ങിയെന്നു പറയാമോ; | ഇ) | എട്ടു വിദ്യാഭ്യാസ ജില്ലകളിലെ ചില സർട്ടിഫിക്കറ്റുകൾ മാത്രമാണ് തിരികെ വാങ്ങി പിശകുകൾ പരിഹരിച്ചത്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.<br>കാസർഗോഡ് - 68<br>കാഞ്ഞങ്ങാട് - 86<br>കണ്ണൂർ - 93<br>തലശ്ശേരി - 133<br>വടകര - 79<br>കോഴിക്കോട് - 79<br>താമരശ്ശേരി - 151<br>വയനാട് - 59 |
| എഫ് | പ്ലസ് വൺ പ്രവേശന നടപടികൾ അവസാനഘട്ടത്തിൽ എത്തി നിൽക്കെ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും സമ്മർദ്ദത്തിലാഴ്ത്തിയിരിക്കുന്ന സാഹചര്യത്തിന് പരിഹാരം കാണാൻ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു? | എഫ്) | കമ്പ്യൂട്ടർ സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാറുമൂലം അനർഹമായി അനുവദിച്ച ഗ്രേസ് മാർക്ക് പിൻവലിച്ചതിലൂടെ ഉപരിപഠനത്തിനുള്ള അർഹതയും 2007 ജൂൺ മാസത്തിൽ നടത്തിയ സേ പരീക്ഷ എഴുതുവാനുള്ള അവസരവും നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ ഒരു അധ്യയന വർഷം നഷ്ടപ്പെടാതിരിക്കാനായി 2007 ജൂലൈ 23,24,25 എന്നീ തിയതികളിൽ ഇവർക്ക് മാത്രമായി വീണ്ടും എസ്.എസ്.എൽ.സി സേ പരീക്ഷ നടത്താൻ തീരുമാനിക്കുകയും അതിനുള്ള നടപടികൾ കൈകൊണ്ടുവരികയും ചെയ്യുന്നു. മാത്രമല്ല അനർഹമായി അനുവദിച്ച ഗ്രേസ് മാർക്ക് പിൻവലിച്ച 1188 |

വിദ്യാർത്ഥികളുടെ ഗ്രേഡിങ്ങിലുണ്ടായ മാറ്റത്തെസംബന്ധിച്ചും, അനർഹമായി ലഭിച്ച ഗ്രേസ് മാർക്ക് ഒഴിവാക്കിയപ്പോൾ ഡി പ്ലസ്സിന് താഴെ ഗ്രേഡ് ലഭിച്ചവരുടെയും ലിസ്റ്റുകൾ ഹയർസെക്കൻററി ഡയറക്ടർക്ക് നൽകുകയും മാർക്ക് ലിസ്റ്റിലെ തകരാറുകാരണംകൊണ്ടുമാത്രം പ്ലസ് ടു പ്രവേശനത്തിന് പ്രശ്നം നേരിടുന്നവരുടെ പ്രവേശനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ആഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.563

18.07.07-ൽ മറുപടി
നൽകേണ്ടത്.

## ടാറ്റായുടെ കൈവശ ഭൂമി

ചോദ്യം
ശ്രീ.പി.സി.ജോർജ്

(എ) മൂന്നാറിൽ ടാറ്റ കയ്യേറിയ എത്ര ഏക്കർ ഭൂമിയാണ് ജൂലായ് ആദ്യ വാരം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഏറ്റെടുത്തത്;

(ബി) ഈ ഭൂമി ഉൾപ്പെടെ എത്ര ഏക്കർ ഭൂമി ടാറ്റയുടെ കൈവശം ഉണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ടാറ്റ കൈവശപ്പെടുത്തിയിരിക്കുന്ന മുഴുവൻ ഭൂമിയും എന്നത്തേയ്ക്ക് ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ടാറ്റയുടെ പക്കൽ നിന്നും ഏറ്റെടുത്ത ഭൂമി വനം വകുപ്പ് ഇപ്പോൾ കൈവശം വച്ചിരിക്കുന്ന ഭൂമി ആണ് എന്ന ആക്ഷേപം ഉയർന്ന് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിന്റെ യഥാർത്ഥ വസ്തുത വെളിപ്പെടുത്തുമോ?

മറുപടി
ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

(എ), (ബി), (സി), (ഡി) & (ഇ):-

കേരള ഹൈക്കോടതിയുടെ O.P. No.29673/03 നമ്പർ റിട്ട് പെറ്റീഷനിലെ ഉത്തരവ് പ്രകാരം ടാറ്റായുടെ കൈവശം കണ്ണൻ ദേവൻ ഹിൽസിൽ ഉള്ള ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച് സർവ്വേ നടത്തി റിപ്പോർട്ട് നൽകാൻ നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നു. നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയുടെ സർവ്വേ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. അത് വിശദമായി പരിശോധിച്ച് കയ്യേറ്റ ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്ന് കണ്ടെത്തേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:570 18.07.2007-ൽ മറുപടിയ്ക്ക്

## ഗവൺമെൻറ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ കുറവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബാബു പോൾ | | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും<br>വകുപ്പുമന്ത്രി | |
| എ) | ഗവൺമെൻറ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | ബി) | ഉണ്ട്. കേരളത്തിലെ ജനന നിരക്ക് ക്രമമായി കുറഞ്ഞു വരികയാണ്. കൂടാതെ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ അംഗീകാരമില്ലാത്ത സ്കൂളുകളും നിലവിലുണ്ട്. ഗവൺമെൻറ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയുന്നതിന് ഇതൊക്കെ കാരണമായിട്ടുണ്ട്. |
| സി) | ഗവൺമെൻറ് സ്കൂളുകളിലേയ്ക്ക് വിദ്യാർത്ഥികളെ ആകർഷിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | സി) | ഉണ്ട്. സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം പുതിയ കെട്ടിടങ്ങളും ക്ലാസ്സ് മുറികളും നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്കൂളുകളിൽ ചുറ്റുമതിൽ നിർമ്മിക്കൽ, കുടിവെള്ളം ലഭ്യമാക്കൽ, മൂത്രപ്പുര നിർമ്മിക്കൽ എന്നിങ്ങനെയുള്ള പദ്ധതികളും നിലവിലുണ്ട്. ഹൈസ്കൂളുകളിൽ കൂടി ഉച്ചഭക്ഷണം നൽകുവാനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. |

— — —

ലൈബ്രറി. ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെ
ടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു
വരുന്നു. ഹെഡ് മാസ്റ്റർമാരുടെയും അദ്ധ്യാപ
കരുടെയും ഒഴിവുകൾ യഥാസമയം നികത്തു
ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
കൂടാതെ അദ്ധ്യാപകരുടെ ഒഴിവും ദിവസവേത
നാടിസ്ഥാനത്തിൽ നികത്തുന്നതിന് നിർദ്ദേശം
നല്കിയിട്ടുണ്ട്. അദ്ധ്യയന നിലവാരവും ഗുണമേ
ന്മയും ഉറപ്പാക്കുന്നതിന് 200 പ്രവർത്തിദിവസ
ങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരി
ച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ മദ്ധ്യവേനൽ അവധി
ക്കാലത്ത് കേരളത്തിലെ മുഴുവൻ സ്കൂൾ അദ്ധ്യാ
പകർക്കും മൂന്നു ദിവസത്തെ പരിശീലനം
കൊടുത്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തലത്തിൽ
ക്ലസ്റ്ററുകൾ രൂപീകരിച്ച് അദ്ധ്യാപന പരിശീ
ലനം ക്ലാസ്സുകൾ നഷ്ടപ്പെടുത്താതെ ശനി
യാഴ്ച ദിവസങ്ങളിലാക്കിയിട്ടുണ്ട്. പഠന
ബോധന രംഗങ്ങൾ മെച്ചപ്പെടുത്തുന്നതിനായി
2007-08 വർഷം കാര്യക്ഷമതാ വർഷമാക്കാൻ
സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ